
# എറണാകുളം മിസ്സം
# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 66 Issue No. 1 January 2023 Rs. 15/-



Pope Emeritus Benedict XVI
1927-2022





# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 66 Issue No. 1 January 2023 Rs. 15/-




## വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | ലോക സമാധാനദിനം |
| 12. | സീറോമലബാർ പ്രേഷിതവാരാചരണം 2023 |
| 17. | കെ.സി.ബി.സി. - കർഷകദിനം |
| 21. | ദൈവജനത്തിനുള്ള കത്ത് - ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് |
| 31. | സർക്കുലർ 10/2022 - ബെനഡിക്ട് 16 - ാമൻ പാപ്പ ദിവംഗതനായി |
| 33. | കച്ചേരിക്കാര്യം |
| 33. | Transfers/Appointments |
| 35. | വാർത്തകളും വിശേഷങ്ങളും |
| 36. | C.M.L. & C.L.C |
| 37. | വിശ്വാസപരിശീലന കേന്ദ്രം |
| 40. | ഫാമിലി അപ്പോസ്റ്റലേറ്റ് |
| 41. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 44. | AICO |
| 45. | കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി |
| 48. | ഇവാഞ്ചലൈസേഷൻ & പ്രെയർ ഗ്രൂപ്സ് |
| 49. | കെ.സി.വൈ.എം. |
| 50. | നിര്യാതരായി |
| 50. | അതിരൂപതാ ഡയറി |



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Msgr. Mankuzhikary Mathew, Kokkamangalam | 1909 | 1934 | 2-1-2003 |
| Fr. Parakkal Scaria, Kanjoor | 1881 | 1901 | 4-1-1965 |
| Fr. Thayamkery Joseph, Edappally | 1905 | 1933 | 4-1-1986 |
| Fr. Kottackal George, Angamaly | 1930 | 1955 | 5-1-2006 |
| Fr. Pallippadan Joseph, Thirumudikunnu | 1939 | 1967 | 5-1-2020 |
| Fr. Mundadan Jose, Josepuram | 1960 | 1984 | 6-1-2020 |
| Fr. Vattoly Leon TOCD, Kadukutty | 1856 | 1883 | 7-1-1911 |
| Fr. Chakiath Scaria, Thycattussery | 1876 | 1895 | 7-1-1955 |
| Fr. Vattamkandathil George, Vadayar | 1891 | 1924 | 7-1-1967 |
| Fr. Painumkal Mathew, Kandanad | 1942 | 1967 | 8-1-2021 |
| Mar Augustine Kandathil, Chempu | 1874 | 1901 | 10-1-1956 |
| Fr. Thekkinen Joseph, Manjapra | 1928 | 1956 | 11-1-1991 |
| Fr. Narayamparambil John, Thuravoor S. | 1924 | 1950 | 11-1-1997 |
| Fr. Panikkassery John, Panavally | 1888 | 1913 | 13-1-1953 |
| Fr. Mundadan Thariaku, Angamaly | 1868 | 1894 | 16-1-1950 |
| Fr. Chirackal Isaac, Muttom | 1895 | 1922 | 17-1-1962 |
| Fr. Painadeth Kochouseph, Karukutty | 1881 | 1910 | 19-1-1947 |
| Fr. Sankoorikal Elias TOCD, Narakkal | 1851 | 1876 | 21-1-1900 |
| Fr. Thayamkery Jacob, Kumbalam | 1878 | 1913 | 21-1-1944 |
| Fr. Puthenveliyil Jacob, Pallippuram | 1914 | 1948 | 23-1-2012 |
| Fr. Panjikaren Kuriakose, Muttom | 1864 | 1895 | 24-1-1940 |
| Msgr. Chiramel Kuriakose, Kadukutty | 1906 | 1936 | 24-1-1986 |
| Fr. Vadassery Paul, Palluruthy | 1900 | 1929 | 25-1-1978 |
| Fr. Edathichira Thomas, Chalil | 1922 | 1949 | 25-1-2000 |
| Fr. Edathichira Joseph, Chalil | 1937 | 1962 | 28-1-2015 |
| Fr. Antony (Joy) Elamkuttichira | 1936 | 1966 | 29-1-2019 |
| Fr. Chiramel Varkey, Koratty (Meloor) | | | 30-1-1901 |
| Msgr. Naduvathussery Jacob, Aluva | 1883 | 1909 | 30-1-1967 |
| Fr. Kattuparambil Varghese, Kadavanthra | 1953 | 1978 | 30-1-2015 |
| Msgr. Menachery George , Puthenpally | 1894 | 1924 | 31-1-1969 |
| Fr. Menachery Thomas, Karumaloor | 1945 | 1971 | 31-1-2000 |

Ref: 3819/K-5/KCBC/OL/DS 23-12-2022

# 56-ാമത് ലോകസമാധാനദിനം

**ജനുവരി 1, 2023**

***ആർക്കും ഒറ്റയ്ക്ക് രക്ഷപ്പെടാൻ സാധിക്കില്ല.***

കോവിഡ് -19 നെ ഒരുമിച്ചു പ്രതിരോധിക്കുന്നത്, ഒരുമിച്ചുചേർന്നു സമാധാനത്തിന്റെ പാതയിൽ ആയിരിക്കുന്നത്

"സഹോദരരേ, കാലങ്ങളെയും സമയങ്ങളെയും സംബന്ധിച്ച് നിങ്ങൾക്ക് ഞാൻ എഴുതേണ്ടതില്ല. കാരണം, രാത്രിയിൽ കള്ളൻ എന്നപോലെ കർത്താവിന്റെ ദിനം വരുമെന്ന് നിങ്ങൾക്കു സൂക്ഷ്മമായറിയാം" (വിശുദ്ധ പൗലോസ് തെസ്സലോനിക്കാർക്കെഴുതിയ ഒന്നാം ലേഖനം, 5:12).

1. ഈ വാക്കുകളോടെ പൗലോസ് അപ്പോസ്തലൻ തെസ്സലോനിക്കായിലെ സഭാംഗങ്ങളെ ദൃഢചിത്തരായരിക്കാൻ പ്രേരിപ്പിക്കുകയായിരുന്നു; കർത്താവിന്റെ വരവിനായി കാത്തിരിക്കുമ്പോൾത്തന്നെ അവർ തങ്ങളുടെ ഹൃദയങ്ങളും പാദങ്ങളും ദൃഷ്ടിയും ചുറ്റുമുള്ള ലോകത്തിലും അതിന്റെ ചരിത്രത്തിലും ഉറപ്പിച്ചു നിറുത്തേണ്ടിയിരുന്നു. നമ്മുടെ ജീവിതങ്ങളെ ദുരന്തങ്ങൾ സംഭ്രമിപ്പിക്കുകയും ഇരുളുനിറഞ്ഞതും ദുർഘടവുമായ അനീതിയുടെയും സഹനത്തിന്റെയും ചുഴലിക്കാറ്റ് നമ്മെ മൂടിക്കളയുകയും ചെയ്യുന്നു എന്നു നമുക്കു തോന്നുകയും ചെയ്യുമ്പോൾ നമ്മുടെ ഹൃദയങ്ങൾ പ്രത്യാശയിലേക്കു തുറന്നുവയ്ക്കാനും ദൈവത്തിൽ ശരണപ്പെടുവാനും നാം ക്ഷണിക്കപ്പെടുന്നു. എന്തെന്നാൽ ദൈവം സന്നിഹിതനായിരിക്കുകയും ആർദ്രതയോടെ നമ്മെ അനുഗമനം ചെയ്യുകയും നമ്മുടെ ബലഹീനതയിൽ നമ്മെ ശക്തിപ്പെടുത്തുകയും എല്ലാറ്റിനും ഉപരി നമുക്കു വഴികാട്ടിത്തരുകയും ചെയ്യുന്നു. ആകയാൽ, ജാഗരൂകരായിരിക്കാനും നന്മയും നീതിയും സത്യവും അന്വേഷിക്കാനും വിശുദ്ധ പൗലോസ് സഭാസമൂഹത്തെ നിരന്തരം ആഹ്വാനം ചെയ്യുന്നു: "അതിനാൽ, മറ്റുള്ളവരെപ്പോലെ ഉറങ്ങിക്കഴിയാതെ നമുക്ക് ഉണർന്ന് സുബോധമുള്ളവരായിരിക്കാം" (1 തെസ്സ 5:6). ശ്രദ്ധാപൂർവം ജീവിക്കാനാണ് ഈ വാക്കുകളിലൂടെ വിശുദ്ധ പൗലോസ് ആഹ്വാനം ചെയ്യുന്നത്; നാം ഭയത്തിലേക്കും ദുഃഖ

ത്തിലേക്കും പരിത്യക്തതയിലേക്കും വീണുപോകരുത്; ശ്രദ്ധ പതറിപ്പോകലും ഉത്സാഹഭംഗവും നമ്മെ കീഴ്പ്പെടുത്തരുത്. മറിച്ച്, നമ്മൾ കാവൽക്കാരെപ്പോലെ ഏറ്റവും ഇരുണ്ട മണിക്കൂറിലും കാത്തിരിക്കുകയും ഉദയത്തിന്റെ ആദ്യരശ്മി ദർശിക്കാനായി തയ്യാറായിരിക്കുകയും ചെയ്യണം.

2. കോവിഡ്-19 നമ്മെ ഇരുണ്ടരാത്രിയിൽ ആഴ്ത്തിക്കളഞ്ഞു. അത് നമ്മുടെ ജീവിതങ്ങളെ അസ്ഥിരമാക്കി; നമ്മുടെ പദ്ധതികളെയും ജീവിതക്രമത്തെയും തകിടംമറിച്ചു; ഏറെ സമ്പൽസമൃദ്ധിയിലായിരുന്ന സമൂഹങ്ങളുടെ പ്രത്യക്ഷത്തിലുണ്ടായിരുന്ന ശാന്തതപോലും അത് ഇല്ലാതാക്കി. അത് ലക്ഷ്യമില്ലായ്മയും സഹനവും ജനിപ്പിച്ചു; നമ്മുടെ എണ്ണമറ്റ സഹോദരീസഹോദരന്മാരുടെ മരണത്തിനു അത് കാരണമായി. അപ്രതീക്ഷമായിവന്ന വെല്ലുവിളികളുടെ ചുഴലിക്കാറ്റിൽ, ശാസ്ത്രീയമായ തലത്തിൽപ്പോലും ഏറെ സംഭ്രമജനകമായ സാഹചര്യത്തിൽ, ലോകത്തിലെ ആരോഗ്യപ്രവർത്തകർ ഒരുമിച്ച് ചേർന്ന് ശക്തമായിവന്ന സഹനത്തെ ശമിപ്പിക്കാനും പരിഹാരമാർഗങ്ങൾ കണ്ടെത്താനും ശ്രമിച്ചു. അതോടൊപ്പംതന്നെ, രാഷ്ട്രീയ നേതാക്കൾ പ്രസ്തുത അടിയന്തിരാവസ്ഥയെ നേരിടാനുള്ള വഴികൾ തേടുകയും അതിനു ചേർന്ന കാര്യങ്ങൾ ക്രമപ്പെടുത്തുകയും ചെയ്തു. ശാരീരിക അവശതകൾക്കു പുറമേ, കോവിഡ്-19 ഒട്ടനവധി വ്യക്തികളിലും കുടുംബങ്ങളിലും പൊതുവായ ഒരു രോഗാവസ്ഥ സൃഷ്ടിക്കുകയുണ്ടായി; ദീർഘമായ ഒറ്റപ്പെടലിന്റെ അവസ്ഥയും സ്വതന്ത്രവിഹാരത്തിനുള്ള പരിമിതികളും ഈ രോഗാവസ്ഥയ്ക്ക് കാരണമായി; അത് നീണ്ടുനില്കുന്ന ഒരു പ്രതിഭാസമായി മാറുകയും ചെയ്തു.

സാമൂഹ്യ-സാമ്പത്തിക ക്രമങ്ങളിൽ ഈ മഹാമാരി വരുത്തിവച്ച വിള്ളലുകളും വിസ്മരിക്കപ്പെടാവുന്നതല്ല; അത് വൈരുദ്ധ്യങ്ങളും അസമത്വങ്ങളും വെളിച്ചത്തുകൊണ്ടുവന്നു. നിരവധി വ്യക്തികളുടെ തൊഴിൽസുരക്ഷിതത്വം അത് തകരാറിലാക്കി; നമ്മുടെ സമൂഹങ്ങളിൽ ഏറിവരുന്ന ഏകാന്തതയുടെ പ്രശ്നം അത് കൂടുതൽ സങ്കീർണമാക്കി; ഏറെ പ്രത്യേകിച്ച്, ദരിദ്രരായവരുടെയും ആവശ്യങ്ങളിൽ ഇരിക്കുന്നവരുടെയും ഇടയിൽ. ഇക്കാര്യത്തിൽ, ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിയതമല്ലാത്ത ജോലികളിൽ ഏർപ്പെട്ടിരിക്കുകയും അത് നഷ്ടപ്പെടുകയും ചെയ്ത ദശലക്ഷക്കണക്കിനു ആളുകളെ ഓർത്താൽ മതി; എല്ലാം അടച്ചുപൂട്ടിയിരുന്ന കാലത്ത് അവർക്ക് ഒരുവിധത്തിലുമുള്ള

പിന്തുണയും ഉണ്ടായിരുന്നില്ല. വിഷാദത്തിന്റെയും തിക്തതയുടെയും വികാരങ്ങൾ ജനിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ അപൂർവമായിട്ടേ വ്യക്തികളും സമൂഹങ്ങളും പുരോഗതി സിദ്ധിക്കാറുള്ളൂ. പ്രസ്തുത വികാരങ്ങൾ സമാധാനത്തിനായുള്ള ശ്രമങ്ങളെ ദുർബലപ്പെടുത്തുകയും സാമൂഹ്യമായ സംഘർഷത്തിനും നിരാശയ്ക്കും പലതരത്തിലുള്ള അക്രമത്തിനും വഴിതെളിക്കുകയും ചെയ്യും. യഥാർഥത്തിൽ, ഈ മഹാമാരി ലോകത്തിലെ ഏറ്റവും സമാധാനപൂർണമായ ഭാഗങ്ങളെപ്പോലും ഇളക്കിമറിക്കുകയും ഉറപ്പില്ലായ്മയുടെ അനേകം രൂപങ്ങൾ പുറത്തുകൊണ്ടുവരുകയും ചെയ്തു.

3. ഇതാ മൂന്നുവർഷത്തിനുശേഷം, ചോദ്യങ്ങൾ ഉന്നയിക്കാനും പഠിക്കാനും വ്യക്തികളും സമൂഹങ്ങളും എന്ന നിലയിൽ നമ്മെ രൂപപ്പെടുത്താനും നമുക്കു വളരാനുമുള്ള സമയമാണിത്; "കർത്താവിന്റെ വരവിനായി" തയ്യാറാകാനുള്ള സവിശേഷസമയമാണിത്. ഞാൻ പല അവസരങ്ങളിൽ നിരീക്ഷിച്ചിട്ടുള്ളതുപോലെ ഈ ആപൽസന്ധിയിൽനിന്നു നാം പഴയതുപോലെതന്നെ ആയിരിക്കുകയില്ല പുറത്തുവരുന്നത്; ഒന്നുകിൽ നാം കൂടുതൽ മികച്ചവരായോ അല്ലെങ്കിൽ കൂടുതൽ മോശമായവരായോ മാത്രമേ പുറത്തുവരൂ. ഇന്നു നാം ചോദിക്കുന്നു: മഹാമാരിയിൽ നിന്നു എന്താണ് നാം പഠിച്ചത്? നമ്മുടെ പഴയ ശീലങ്ങളുടെ കൂച്ചുവിലങ്ങുകൾ ഉപേക്ഷിക്കാൻ ഏതു പുതിയ മാർഗങ്ങളാണ് നാം അവലംബിക്കേണ്ടത്? കൂടുതൽ നന്നായി തയ്യാറാകാനും പുതിയ കാര്യങ്ങൾ ആശ്ലേഷിക്കാനും നാം എന്താണ് ചെയ്യേണ്ടത്? മുന്നോട്ടു ഗമിക്കാൻ നമ്മെ സഹായിക്കുകയും നമ്മുടെ ലോകം കൂടുതൽ നല്ലൊരു ഇടമാക്കിത്തീർക്കാൻ നാം ചെയ്യേണ്ടതുമായ ജീവന്റെയും പ്രത്യാശയുടെയുമായ ഏതൊക്കെ അടയാളങ്ങളാണ് നാം കാണുന്നത്?

നമ്മുടെതന്നെ ജീവന്റെയും നമുക്കു ചുറ്റുമുള്ള ലോകത്തിന്റെയും ക്ഷണഭംഗുരത്വം നേരിട്ടനുഭവിച്ചശേഷം, കോവിഡ്-19-ൽ നിന്നു നാം പഠിച്ച ഏറ്റവും വലിയ പാഠം നമുക്ക് ഒരോരുത്തർക്കും പരസ്പരം തീർച്ചയായും ആവശ്യമാണെന്ന തിരിച്ചറിവാണ്. അതായത്, നമ്മുടെ ഏറ്റവും ഉന്നതവും അതേസമയം ഏറ്റവും ഭംഗുരവും ആയ നിധി ദൈവപുത്രരെന്ന നിലയിൽ നാം സഹോദരീസഹോദരന്മാരായി പങ്കുചേരുന്ന നമ്മുടെ മനുഷ്യത്വമാണ്. അങ്ങനെ, നമ്മിൽ ആർക്കും ഒറ്റയ്ക്ക് രക്ഷപ്പെടാനാവില്ല. ആകയാൽ, സാധിക്കുന്ന സാർവത്രിക മൂല്യങ്ങൾ

അടിയന്തിരമായി നമുക്ക് ഒരുമിച്ച് അന്വേഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പുരോഗതിയിലും സാങ്കേതിക വിദ്യയിലും ആഗോളവൽകരണത്തിന്റെ ഫലങ്ങളിലും നാം അർപ്പിച്ച അഭയം ക്രമാതീതമായിപ്പോയെന്നും നാം മനസ്സിലാക്കി; മാത്രമല്ല, അത് നാം തീക്ഷ്ണതയോടെ അന്വേഷിച്ച നീതിയുടെ വാഗ്ദാനത്തെയും പൊരുത്തത്തെയും സമാധാനത്തെയും സംബന്ധിച്ച് വിട്ടുവീഴ്ച ചെയ്യുംവിധം നമ്മൾ അതിനെ വ്യക്ത്യാധിഷ്ഠിതവും വിഗ്രഹാരാധനപരവുമായ ഉന്മത്തതയാക്കി മാറ്റി എന്നും നാം ഗ്രഹിച്ചു. ധൃതഗതിയിൽ മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുന്ന നമ്മുടെ ഈ ലോകത്ത് വ്യാപകമായ അസമത്വത്തിന്റെയും അനീതിയുടെയും ദാരിദ്ര്യത്തിന്റെയും പാർശ്വവൽകരണത്തിന്റെയും പ്രശ്നങ്ങൾ തുടർന്നും അസ്വസ്ഥതയുടെയും ഏറ്റുമുട്ടലിന്റെയും ഇന്ധനം നിറയ്ക്കുകയും അത് അക്രമവും യുദ്ധവുംപോലും ജനിപ്പിക്കുകയും ചെയ്യുന്നു.

ഈ മഹാമാരി നമ്മുടെ മുമ്പിൽ ഇക്കാര്യങ്ങളെല്ലാം നിരത്തിവച്ചു; എന്നാൽ അതിനു ഭാവാത്മകമായ ഫലങ്ങളും ഉണ്ടായി. നിയന്ത്രിതമായ രീതിയിൽ വിനയവും ഉപഭോക്തൃപരമായ അമിതത്വത്തെക്കുറിച്ചുള്ള പുനർവിചാരവും നവമായ ഒരു ഐകമത്യഭാവവും ഉണ്ടാകാൻ അതു കാരണമായി. ഈ ഐകമത്യം മറ്റുള്ളവരുടെ സഹനത്തിൽ താത്പര്യപൂർവം സഹതപിക്കുന്നവരും നമ്മെ അവരുടെ ആവശ്യങ്ങളോട് പ്രത്യുത്തരിക്കുന്നവരുമാക്കി മാറ്റി. ഈ പ്രതിസന്ധിയിൽ നിന്ന് ഓരോരുത്തരെയും കരകയറ്റാൻ അവർക്കു കഴിയുന്നവിധം, ചിലപ്പോൾ വളരെ വീരോചിതമാംവിധം, അക്ഷീണം യത്നിച്ച ആളുകളെ ഇത്തരുണത്തിൽ ഓർക്കാവുന്നതാണ്.

“ഒരുമിച്ച്” എന്ന വാക്കിനു മുഖ്യസ്ഥാനം നൽകേണ്ടതിനെക്കുറിച്ച് ഈ അനുഭവം എല്ലാവരെയും, പ്രത്യേകിച്ച് ജനതകളെയും രാഷ്ട്രങ്ങളെയും, പഠിപ്പിച്ചു. എന്തെന്നാൽ, നാമെല്ലാവരും ഒരുമിച്ചാണ്, അതായത്,സാഹോദര്യത്തിലും ഐകമത്യത്തിലും ആണ്, സമാധാനം പടുത്തുയർത്തുകയും നീതി ഉറപ്പാക്കുകയും വളരെ വലിയ ദുരന്തങ്ങളിൽനിന്നു രക്ഷപ്പെടുകയും ചെയ്യുന്നത്. യഥാർഥത്തിൽ, പ്രത്യേകമായ താത്പര്യങ്ങൾ മാറ്റിവച്ചുകൊണ്ട് വെല്ലുവിളികളെ നേരിടാൻ കൈകോർത്ത സാമൂഹ്യ ഗ്രൂപ്പുകളിൽനിന്നും പൊതു-സ്വകാര്യസ്ഥാപനങ്ങളിൽനിന്നും അന്തരാഷ്ട്ര പ്രസ്ഥാനങ്ങളിൽനിന്നുമാണ് മഹാമാരിയെ പ്രതിരോധിക്കാനുള്ള വളരെ ഫലപ്രദമായ മാർഗങ്ങൾ ഉരുത്തി

രിഞ്ഞത്. വ്യക്തിപരവും സാമൂഹ്യവും ആഗോളപരവുമായ പ്രതിസന്ധികളെ തരണംചെയ്യാനാകുന്നത് യഥാർഥത്തിൽ സഹോദരപൂർവവും നിക്ഷിപ്തതാത്പര്യങ്ങളില്ലാത്തതുമായ സമാധാനത്തിന് മാത്രമാണ്.

4. കോവിഡ് – 19 എന്ന മഹാമാരിയുടെ ഇരുണ്ടകാലം കഴിഞ്ഞു എന്നു നാം ആശ്വസിക്കാൻ ആരംഭിച്ച നേരത്താണ് മറ്റൊരു വലിയ ദുരന്തം മനുഷ്യരാശിയുടെമേൽ വന്നുഭവിച്ചത്. മറ്റൊരു വിപത്തിന്റെ പ്രഹരത്തിനു നാം സാക്ഷികളായി: മറ്റൊരു യുദ്ധം – അത് ഒരർഥത്തിൽ കോവിഡ്–19നു സമമായിട്ടുള്ളതാണ്; എന്നാൽ അത് മനുഷ്യരുടെതന്നെ ആക്ഷേപകരമായ തീരുമാനത്താൽ വന്നതാണ്. ഉക്രയിനിൽ നടക്കുന്ന യുദ്ധം നിർദോഷികളെയാണ് ബലിയാടുകളാക്കുന്നത്; നേരിട്ട് ബാധിക്കുന്നവരിൽ മാത്രമല്ല, വ്യാപകമായവിധത്തിൽ, വേർതിരിവുകളില്ലാതെ, അത് എല്ലാവരുടെയുംമേൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയാണ്. ആയിരങ്ങളോളം കിലോമീറ്ററുകൾ ദൂരത്ത് വസിക്കുന്നവരും അതിന്റെ പാർശ്വഫലങ്ങൾ അനുഭവിക്കുന്നു – എണ്ണയുടെയും ധാന്യത്തിന്റെ കുറവ്തന്നെ കണക്കിലെടുത്താൽ മതിയാകും.

തീർച്ചയായും, നമ്മൾ ആഗ്രഹിക്കുകയും പ്രത്യാശ വയ്ക്കുകയും ചെയ്ത കോവിഡനന്തര കാലഘട്ടമല്ല ഇത്. ഈ യുദ്ധവും അതിനോടൊപ്പം ലോകം മുഴുവനിലും നടക്കുന്ന ഏറ്റുമുട്ടലുകളും മനുഷ്യരാശിയെ മുഴുവനും, അതിൽ നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നവരെ മാത്രമല്ല, പിന്നോട്ടടിക്കുന്നതിന്റെ ലക്ഷണമാണ് നല്കുന്നത്. കോവിഡ് 19–നെ പ്രതിരോധിക്കാൻ നാം കുത്തിവെയ്പ് കണ്ടെത്തി, എന്നാൽ യുദ്ധത്തിനു അനുയോജ്യമായ ഒരു പരിഹാരം ഇനിയും കണ്ടെത്താനായിട്ടില്ല. നിശ്ചയമായും നമ്മുടെ ശരീരങ്ങളെ ബാധിക്കുന്ന വൈറസുകളെ കീഴടക്കുന്നതിനേക്കാൾ ബുദ്ധിമുട്ടേറിയതാണ് യുദ്ധത്തിന്റെ വൈറസിനെ ഇല്ലാതാക്കുന്നത്. കാരണം, ഈ രണ്ടാമത്തേത് പുറത്തുനിന്നു വരുന്നതല്ല, പ്രത്യുത പാപത്താൽ മലിനമാക്കപ്പെട്ട മനുഷ്യന്റെ ഹൃദയത്തിന്റെ ഉള്ളിൽനിന്നാണ് അതു വരുന്നത് (മർക്കോ 7:17–23 കാണുക).

5. ആകയാൽ, നമ്മോട് എന്താണ് ഇത് ആവശ്യപ്പെടുന്നത്? ആദ്യമായി, മഹാമാരിയുടെ അനുഭവം നമ്മുടെ ഹൃദയങ്ങളെ പരിവർത്തനപ്പെടുത്തട്ടെ; ഈ ചരിത്രദിശയിൽ നാം നമ്മുടെ ചുറ്റുമുള്ള ലോകത്തെ നോക്കിക്കാണുന്ന സാധാരണയായുള്ള മാനദണ്ഡങ്ങളെ

ദൈവംതന്നെ രൂപാന്തരപ്പെടുത്തട്ടെ. നമ്മുടെ വ്യക്തിപരവും സ്വരാഷ്ട്രപരവുമായ താത്പര്യങ്ങൾക്കു മാത്രമായുള്ള ഇടം രൂപപ്പെടുത്തുന്നതിനായി ഇനിമേൽ ചിന്തിക്കാൻ പാടില്ലാത്ത സാഹചര്യം സംജാതമായിരിക്കുന്നു; മറിച്ച്, നാം പൊതുനന്മയ്ക്കായി ചിന്തിക്കണം; നാം വിശാലമായ ഒരു സമൂഹത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവിലേക്കു വരണം; അങ്ങനെ നമ്മുടെ മനസ്സും ഹൃദയവും വിശ്വസാഹോദര്യത്തിനായി തുറന്നിടണം. നമ്മെത്തന്നെ നിലനിറുത്തണം എന്ന ചിന്തയിൽ ഊന്നിക്കൊണ്ടു തുടരാൻ നമുക്കാവില്ല. നമ്മുടെ സമൂഹത്തെയും ഈ ഗോളത്തെയും സുഖപ്പെടുത്തുന്ന ശുശ്രൂഷയിൽ ഏർപ്പെടാൻ നമുക്കു നേരമായി; അതുവഴിയായി കൂടുതൽ നീതിപൂർവകവും ശാന്തവുമായി മുന്നോട്ടുപോകുന്ന ഒരു ലോകത്തിനു അടിത്തറയിടണം; യഥാർഥമായും ഗൗരവമായവിധത്തിൽ പൊതുനന്മയെ ആശ്ലേഷിക്കുന്നരീതിയിൽ പ്രതിജ്ഞതാബദ്ധരാകാൻ നാം തയ്യാറാകണം.

ഇക്കാര്യം നിവർത്തിയാക്കാനും കോവിഡ്-19 എന്ന മഹാമാരിക്കുശേഷം നമ്മുടെ ജീവിതങ്ങൾ നന്നാക്കാനും ഒരു അടിസ്ഥാനപരമായ കാര്യം നാം നിരാകരിക്കരുത്, അതായത്, ധാർമിക, സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക തലത്തിൽ നാം അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ എല്ലാംതന്നെ പരസ്പരം ബന്ധിതമാണ്; യഥാർഥത്തിൽ ഒറ്റപ്പെട്ട പ്രശ്നങ്ങളായി നമുക്ക് തോന്നുന്നവയെല്ലാംതന്നെ ഒന്ന് മറ്റൊന്നിന്റെ കാരണവും അനന്തരഫലവുമാണ്. ആകയാൽ, ലോകത്തിന്റെ വെല്ലുവിളികളെ ഉത്തരവാദിത്വബോധത്തോടും ആർദ്രഭാവത്തോടും അഭിമുഖീകരിക്കാൻ നാം ക്ഷണിക്കപ്പെടുന്നു. എല്ലാവർക്കും പൊതുവായ ആരോഗ്യപരിപാലനം എന്ന ആശയത്തിലേക്ക് നാം വീണ്ടും വരണം. സമാധാനം പ്രോത്സാഹിപ്പിക്കുകയും വർദ്ധമാനമാക്കുകയും ചെയ്യുന്ന പ്രവർത്തികൾ ചെയ്യാൻ നാം ശ്രദ്ധിക്കണം; അങ്ങനെ ദാരിദ്ര്യവും മരണവും വിതറുന്ന ഏറ്റുമുട്ടലുകൾക്കും യുദ്ധങ്ങൾക്കും നാം അറുതി വരുത്തണം. നമ്മുടെ പൊതുഭവനമായ ഭൂമിയെ സംരക്ഷിക്കുന്നതിനായി നാം അടിയന്തിരമായി കൈകോർക്കണം; കാലാവസ്ഥാവ്യതിയാനത്തെ പ്രതിരോധിക്കാനുള്ള വ്യക്തവും സത്വരവുമായ നടപടികൾ സ്വീകരിക്കാൻ നാം തയ്യാറാകണം. അസമത്വത്തിന്റെ വൈറസിനെ പ്രതിരോധിക്കേണ്ടിയിരിക്കുന്നു; എല്ലാവർക്കും ഭക്ഷണവും അന്തസ്സുറ്റ തൊഴിലും ഉറപ്പുവരുത്തണം. ഏറ്റവും കുറഞ്ഞ വേതനംപോലും ഇല്ലാതെ ഏറെ കഷ്ടത

യിൽ ആയിരിക്കുന്നവരെ സഹായിക്കേണ്ടിയിരിക്കുന്നു. വലിയൊരു ജനസമൂഹം പട്ടിണിയിലാണെന്നത് ഒരു തുറന്ന മുറിവായി നമ്മുടെ മുമ്പിൽ നിൽക്കുന്നു. കുടിയേറ്റക്കാരെയും സമൂഹം പുറന്തള്ളുന്നവരെയും സ്വീകരിക്കുന്നതിനും അവരെ സമൂഹത്തോട് സംയോജിപ്പിക്കുന്നതിനുംവേണ്ടിയുള്ള ശരിയായ നയതന്ത്രനയങ്ങൾ നാം രൂപപ്പെടുത്തണം. ദൈവത്തിന്റെ അനന്തവും കരുണാർദ്രവുമായ സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ പണിതുയർത്തിയ ത്യാഗശീലത്തിലൂടെ ഔദാര്യപൂർവ്വം ഈ സാഹചര്യങ്ങളോട് പ്രതികരിച്ചെങ്കിൽമാത്രമേ നമുക്കു പുതിയ ഒരു ലോകം കെട്ടിപ്പടുക്കുകയും ദൈവരാജ്യത്തിന്റെ വിസ്തൃതിക്കായി പ്രവർത്തിക്കുകയും ചെയ്യാൻ സാധിക്കുകയുള്ളൂ; അത് സ്നേഹത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും രാജ്യമാണ്.

ഈ ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുമ്പോൾ, ചരിത്രം നമ്മെ അഭ്യസിപ്പിക്കുന്ന ഈ പാഠങ്ങൾ വിലമതിച്ചുകൊണ്ട്, പുതിയ വർഷത്തിൽ നമുക്കു ഒരുമിച്ച് സഞ്ചരിക്കാനാകും എന്നതാണ് എന്റെ പ്രത്യാശ. രാഷ്ട്രങ്ങളുടെയും സർക്കാരുകളുടെയും അന്താരാഷ്ട്ര സംഘടനകളുടെയും തലവന്മാർക്കും വ്യത്യസ്ത മതനേതാക്കൾക്കും ഞാൻ എല്ലാ നന്മകളും നേരുന്നു. സന്മനസ്സുള്ള എല്ലാ സ്ത്രീ പുരുഷന്മാരുടെയും മുമ്പിൽ ഞാൻ എന്റെ പ്രാർത്ഥനാപൂർവമായ പ്രത്യാശ സമർപ്പിക്കുന്നു: സമാധാനത്തിന്റെ വിധാതാക്കൾ എന്ന നിലയിൽ ഈ വർഷം നന്മ നിറഞ്ഞതാകാൻ അവർ ദൈനംദിനം പ്രവർത്തിക്കുമാറാകട്ടെ! യേശുവിന്റെ അമ്മയും സമാധാനരാജ്ഞിയും അമലോത്ഭവയും ആയ മറിയം നമുക്കും ലോകം മുഴുവനുംവേണ്ടി പ്രാർത്ഥിക്കട്ടെ.

വത്തിക്കാനിൽ നിന്നും 2022 ഡിസംബർ എട്ടാം തീയതി പുറപ്പെടുവിച്ചത്.

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

Prot. No. 1212/2022

## സർക്കുലർ

## സീറോമലബാർ പ്രേഷിതവാരാചരണം 2023

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനുമെഴുതുന്നത്.

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

കഴിഞ്ഞ ഏതാനും വർഷങ്ങളായി ദനഹാതിരുനാളായ ജനുവരി ആറാം തിയതി മുതലുള്ള ഒരാഴ്ചക്കാലം സീറോമലബാർസഭയിൽ പ്രേഷിത വാരമായി ആചരിച്ചുവരികയാണ്. 'മിഷനെ അറിയുക, മിഷനറിയാകുക' എന്നതാണ് പ്രേഷിതവാരാചരണത്തിന്റെ ആപ്തവാക്യം. മാമോദീസ സ്വീകരിച്ച നാമെല്ലാവരും പ്രേഷിതപ്രവർത്തനങ്ങളിൽ എർപ്പെടേണ്ടതിന്റെ ആവശ്യകതയും പ്രത്യേകമായി മിഷൻരംഗങ്ങളിലുള്ള പ്രേഷിത പ്രവർത്തനങ്ങളെ അറിയുകയും പിൻതുണയ്ക്കുകയും ചെയ്യാനുള്ള നമ്മുടെ കടമയും ഓർമപ്പെടുത്തുകയെന്നതാണ് ഈ വാരാചരണത്തിന്റെ ലക്ഷ്യം. ഭാരതം മുഴുവനിലും പ്രേഷിതപ്രവർത്തനത്തിനുള്ള അവസരം സീറോമലബാർസഭയ്ക്കു ലഭിച്ചതിലൂടെ സഭാമക്കളായ നാമോരോരുത്തരുടെയും പ്രേഷിതപരമായ ഉത്തരവാദിത്വം വർധിച്ചിരിക്കുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

'സുവിശേഷമാകുവാനും സുവിശേഷമേകുവാനും' വിളിക്കപ്പെട്ടവരാണു നാമോരോരുത്തരും. സുവിശേഷത്തിന്റെ സാരസംഗ്രഹമായി ഈശോ ഇപ്രകാരം പഠിപ്പിക്കുന്നു: 'എന്റെ സന്തോഷം നിങ്ങളിലായിരിക്കാനും നിങ്ങളുടെ സന്തോഷം പൂർണമാകാനുംവേണ്ടി ഇവ ഞാൻ പറയുന്നു' (യോഹ. 15:11). സത്തയിൽ സ്നേഹവും സഹവാസവും സന്തോഷവുമായിരിക്കുന്ന ദൈവത്തിലേക്ക് എല്ലാവരെയും ആകർഷിക്കുകയെന്നതാണ് പ്രേഷിതപ്രവർത്തനം. ഈ ദൗത്യനിർവഹണത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും ഉണ്ടാകും. "എന്നെപ്രതി നിങ്ങൾ അധിക്ഷേപിക്കുകയും പീഡിപ്പിക്കുകയും ചെയ്യപ്പെടുമ്പോൾ, നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ" (മത്താ. 5 :12) എന്ന് ഈശോ പറഞ്ഞതു നമുക്കുള്ള

മുന്നറിയിപ്പാണ്. സുവിശേഷത്തിനുവേണ്ടി തടവുകാരനായതിൽ അഭി മാനിച്ച പൗലോസ് ശ്ലീഹ ഇപ്രകാരം പറയുന്നു: "നിങ്ങൾ എപ്പോഴും കർത്താവിൽ സന്തോഷിക്കുവിൻ, ഞാൻ വീണ്ടും പറയുന്നു, സന്തോ ഷിക്കുവിൻ" (ഫിലി. 4:4). ഈശോയുടെ മാതൃകയെ അനുകരിച്ച് സന്തോഷചിത്തരാകുന്നതും നമ്മുടെ സന്തോഷം മറ്റുള്ളവരുമായി സ്നേഹപൂർവം പങ്കുവയ്ക്കുന്നതും പ്രേഷിതധർമത്തിന്റെ ഭാഗമാണ്.

'സുവിശേഷത്തിന്റെ ആനന്ദം' എന്ന തന്റെ അപ്പസ്തോലിക പ്രബോ ധനത്തിൽ മാർപാപ്പ ഒരുപടികൂടി മുന്നോട്ടുപോകുന്നു. സന്തോഷ ത്തിന്റെ സംവാഹകരാകുക എന്നതിനെക്കാൾ നമ്മിൽനിന്നു മറ്റുള്ളവരി ലേക്കു സ്വാഭാവികമായി പ്രസരിക്കത്തക്കവിധം നിറഞ്ഞൊഴുകുന്ന സവി ശേഷമായ ആനന്ദത്തിനുടമകളാകാനുള്ള ആഹ്വാനമാണ് മാർപാപ്പ നടത്തുന്നത്. 'സുവിശേഷത്തിന്റെ ആനന്ദം യേശുവിനെ അഭിമുഖീകരി ക്കുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതത്തിലും കരകവിഞ്ഞൊ ഴുകുന്നു' (നമ്പർ 1) എന്ന ആമുഖത്തോടെയാണ് ഈ അപ്പസ്തോലിക പ്രബോധനം മാർപാപ്പ ആരംഭിക്കുന്നത്. പരിശുദ്ധ പിതാവു മുന്നോട്ടു വയ്ക്കുന്നത് പ്രേഷിതശൈലിയിലുള്ള ഒരു അജപാലനശുശ്രൂഷയാണ്. 'എല്ലായ്പ്പോഴും ഞങ്ങൾ ഇങ്ങനെയാണിതു ചെയ്തിരുന്നത് എന്നു പറയുന്ന അലംഭാവത്തോടുകൂടിയ മനോഭാവം ഉപേക്ഷിക്കാനാണ് പ്രേഷിതപ്രാധാന്യമുള്ള അജപാലനശുശ്രൂഷ ആഗ്രഹിക്കുന്നത്' (നമ്പർ 33) എന്ന വാക്കുകളിലൂടെ പ്രേഷിത പ്രവർത്തനങ്ങളിൽ ഉണ്ടായിരി ക്കേണ്ട നവീകരണത്തിന്റെയും സമീപനങ്ങളുടെ പുനർനിർവചനത്തി ന്റെയും ആവശ്യകത ചൂണ്ടിക്കാണിക്കുന്നു.

വി. യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്ന സമറിയാക്കാരി സ്ത്രീയുടെ പ്രേഷിതചൈതന്യം നമുക്കു മാതൃകയാണ്. ജീവിത ഭാരങ്ങളും ദുഃഖങ്ങളും അപമാനങ്ങളും പേറിയുള്ള അവളുടെ ജീവിത ത്തിലേയ്ക്കാണു കിണറ്റിൻകരയിൽവച്ച് ഈശോ കടന്നുവരുന്നത്. നസ്രത്തിൽനിന്നുള്ള ആ യഹൂദനിൽ രക്ഷകനെ ദർശിച്ച സമറിയക്കാരി സുവിശേഷത്തിന്റെ പ്രചാരകയായി മാറുന്നത് അവൾ ഹൃദയത്തിൽ അനുഭവിച്ച സ്വാതന്ത്ര്യത്തിന്റെയും സന്തോഷത്തിന്റെയും പിൻബല ത്തിലാണ്. തന്റെ കഴിഞ്ഞകാല ജീവിതത്തെകുറിച്ചു വ്യക്തമായി അറിയാവുന്ന സ്വന്തം സമൂഹത്തിലേയ്ക്കാണ് അവൾ കിണറ്റിൻകരയിൽ നിന്ന് ഓടുന്നത്. അത് അവളുടെ ആദ്യ പ്രേഷിതയാത്രയാണ്. സ്വന്തം ബലഹീനതയെ അംഗീകരിക്കുകയും അതിനെ മിശിഹായുടെ

സാന്നിധ്യത്തിന്റെ ശക്തിയാൽ അതിജീവിക്കുകയുംചെയ്ത സമറിയാക്കാരി ദൈവരാജ്യത്തിന്റെ സജീവപ്രേഷിതയായി മാറുന്നു. 'നമ്മുടെ പോരായ്മകൾ വകവയ്ക്കാതെ തന്റെ സാമിപ്യവും തന്റെ വചനവും തന്റെ ശക്തിയും നമുക്കു പ്രദാനം ചെയ്യുകയും നമ്മുടെ ജീവിതങ്ങൾക്ക് അർത്ഥം നൽകുകയും ചെയ്യുന്ന കർത്താവിന്റെ രക്ഷാകരസ്നേഹത്തിന്റെ സ്പഷ്ടമായ സാക്ഷ്യം മറ്റുള്ളവർക്കു നൽകാൻ നാമെല്ലാവരും വിളിക്കപ്പെടുന്നു' (നമ്പർ 121) എന്ന ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ സമറിയക്കാരിയുടെ ജീവിതാനുഭവവുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ പരിമിതികളും പോരായ്മകളും ബലഹീനതകളും പ്രേഷിതപ്രവർത്തനത്തിനു തടസ്സമാകാതെ എവിടെയും എല്ലായ്പ്പോഴും സുവിശേഷം പങ്കുവയ്ക്കാൻ നമുക്കു സാധിക്കണം.

സഭയിലെ പ്രേഷിതപ്രവർത്തനങ്ങളുടെ സാമൂഹ്യവും സഭാപരവുമായ തലങ്ങളെക്കുറിച്ചു 2022 ലെ പ്രേഷിതദിന സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ വ്യക്തത നൽകുന്നുണ്ട്. 'സഭയിലും സഭയുടെ നിർദേശത്താലും ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ആകയാൽ എല്ലാവരും ഒരുമിച്ചാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്; ഓരോരുത്തരും തന്റേതായ രീതിയിലല്ല; അതു സഭാസമൂഹവുമായുള്ള കൂട്ടായ്മയിലാണ് ചെയ്യുന്നത്; ഒരു വ്യക്തിയും സ്വന്തം താൽപര്യത്തിലല്ല,' എന്നു മാർപാപ്പ പ്രബോധിപ്പിക്കുന്നു. ചില പ്രത്യേക സാഹചര്യത്തിൽ ഒരാൾ വ്യക്തിപരമായി പ്രേഷിതപ്രവർത്തനത്തിലേർപ്പെടുമ്പോഴും സഭയുമായുള്ള കൂട്ടായ്മയിലാണ് അതു ചെയ്യേണ്ടതെന്നും പരിശുദ്ധ പിതാവ് ഓർമിപ്പിക്കുന്നു. സാർവത്രികസഭയോടുചേർന്നു സീറോമലബാർസഭയും പ്രേഷിതപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഒരു വ്യക്തിസഭയെന്നനിലയിൽ നമ്മുടെ സാധ്യതകളും കടമകളും പ്രവർത്തനമേഖലകളും കണക്കിലെടുക്കണം. ആദ്യമിഷനറിയായ മാർതോമാശ്ലീഹായുടെയും പിന്നീടു വന്ന തീക്ഷ്ണമതികളായ മിഷനറിമാരുടെയും പ്രവർത്തനങ്ങളാൽ വളർന്നതാണു നമ്മുടെ സഭ. കാലക്രമത്തിൽ ലോകം മുഴുവനിലേയ്ക്കും പ്രേഷിതതീക്ഷ്ണതയുള്ള വൈദികരെയും സമർപ്പിതരെയും അയക്കുന്ന പ്രേഷിതദൗത്യം സീറോമലബാർ സഭ നിർവഹിച്ചുകൊണ്ടിരിക്കുന്നു. സഭയുടെ ഈ പ്രേഷിതരെയോർത്തു ദൈവത്തിനു നന്ദി പറയാം.

ഭാരതത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ ഈശോയുടെ സുവിശേഷ

ത്തിന്റെ വിമോചനവും ആനന്ദവും പങ്കുവച്ചുകൊണ്ടു ശുശ്രൂഷചെയ്യുന്ന നമ്മുടെ സഭയിലെ പ്രേഷിതരെ പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. സുവിശേഷപ്രഘോഷണത്തിലൂടെയും അഗതിസംരക്ഷണത്തിലൂടെയും വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും പ്രേഷിതശുശ്രൂഷചെയ്യുന്ന വൈദികരെയും സമർപ്പിതരെയും അല്മായസഹോദരങ്ങളെയും സാധിക്കുന്നവിധത്തിൽ സഹായിക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനും നമുക്കു കടമയുണ്ട്. തിരക്കേറിയ ജീവിതസാഹചര്യങ്ങളിൽ നേരിട്ടുള്ള സുവിശേഷപ്രവർത്തനത്തിനായി സമയം കണ്ടെത്താൻ എല്ലാവർക്കും സാധിച്ചെന്നുവരില്ല. എന്നാൽ വെല്ലുവിളി നിറഞ്ഞ പ്രേഷിതസാഹചര്യങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരെ ഹൃദയത്തിൽ ചേർത്തുനിർത്തുന്നതിലൂടെ നമ്മൾ ചെയ്യുന്നതും പ്രേഷിതപ്രവർത്തനമാണ് എന്ന തിരിച്ചറിവിൽ മിഷനെ അറിയാനും മിഷനെ സഹായിക്കാനും നമുക്കു പരിശ്രമിക്കാം. കേരളത്തിലുള്ള 13 രൂപതകളും കേരളത്തിനുപുറത്തു ഭാരതത്തിന്റെ വിവിധഭാഗങ്ങളിലുള്ള 18 രൂപതകളും ഭാരതത്തിനുപുറത്തുള്ള നാലു രൂപതകളും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനും ഗൾഫിലും മറ്റു സ്ഥലങ്ങളിലുമുള്ള സീറോ മലബാർ സമൂഹങ്ങളുമെല്ലാം സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുകാരാകുകയും സഹായം കൂടുതൽ ആവശ്യമുള്ളവരെ പിൻതുണയ്ക്കുകയും ചെയ്യുന്നുണ്ട് എന്നതു സന്തോഷകരമായ വസ്തുതയാണ്.

പ്രിയപ്പെട്ടവരേ, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാതൃക അനുകരിച്ച് ഈശോ നാഥനും കർത്താവുമാണെന്നു ലോകത്തോടു പ്രഘോഷിക്കാനും കാരുണ്യപ്രവർത്തന ങ്ങളിലൂടെ അവിടുത്തെ അനുകമ്പാർദ്രമായ സ്നേഹം എല്ലാവരുമായി പങ്കുവയ്ക്കാനും ഈ വർഷത്തെ പ്രേഷിതവാരാചരണം നമുക്കു പ്രചോദനം നൽകട്ടെ. ലോകം മുഴുവനിലുമുള്ള നമ്മുടെ പ്രേഷിതർക്കുവേണ്ടി പ്രാർഥിക്കാം. സഭയുടെ മിഷൻപ്രവർത്തനങ്ങളെ സാധിക്കുന്ന വിധത്തിലെല്ലാം സഹായിക്കുന്നതോടൊപ്പം മിഷൻമേഖലകളിലെ ശുശ്രൂഷകളിൽ കൂടുതൽ വൈദികരും സമർപ്പിതരും അല്മായസഹോദരങ്ങളും പങ്കുചേരേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമായി കരുതണം. നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ വർഷത്തെ മിഷൻ വാരാചരണം അർത്ഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷവത്ക്കരണത്തിനുള്ള കമ്മീഷന്റെയും മിഷൻ കാര്യാലയത്തി

ന്റെയും പ്രവർത്തനങ്ങളോട് ഉദാരമായി സഹകരിക്കണമെന്നു അഭ്യർഥിക്കുന്നു. 'യുഗാന്തംവരെ ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും' (മത്താ. 28:20) എന്ന ഈശോയുടെ വാഗ്ദാനം നമ്മുടെ പ്രേഷിത പ്രവർത്തനങ്ങളിൽ പ്രചോദനവും ആത്മധൈര്യവും മാർഗദർശനവും നൽകട്ടെ.

എല്ലാവർക്കും പുതുവർഷത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2022 ഡിസംബർ 18-ാം തിയതി നൽകപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

1. 2023 ജനുവരി ഒന്നാം തിയതി ഞായറഴ്ച വി. കുർബാനമധ്യേ സീറോമലബാർസഭയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.
2. പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങൾവഴി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2023 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.

Ref: 3818/K-5/KCBC/OL/DS 17-12-2022

# 2023 ജനുവരി 15 കർഷകദിനം

## കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

കാർഷികവൃത്തി ഗൗരവകരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും കർഷകനും കർഷകന്റെ സങ്കടങ്ങളും തുടർച്ചയായി അവഗണിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിലാണ് കർഷകരുടെ ബുദ്ധിമുട്ടുകളിലേയ്ക്ക് ഭരണകർത്താക്കളുടെയും വിശ്വാസി സമൂഹത്തിന്റെയും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് കെസിബിസി ഇൻഫാം കമ്മീഷൻ ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്. കൃഷിയുടെ സംസ്കാരം നമ്മുടെ കുടുംബങ്ങളിൽ നിലനിർത്തുകയും കാർഷിക പ്രശ്നങ്ങളിൽ കർഷകരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും അവർക്കുവേണ്ടി ശബ്ദിക്കുകയും ചെയ്യുക എന്ന ലക്ഷ്യങ്ങളോടെയുമാണ് 2023 ജനുവരി 15-ാം തീയതി ഞായറാഴ്ച കർഷകരായ നമ്മുടെ സഹോദരങ്ങൾക്കായി മാറ്റിവച്ച് കൃഷിയെക്കുറിച്ച് നാം ചിന്തിക്കുന്നത്.

'അതിരു കാക്കുന്ന യോദ്ധാവും കതിരു കാക്കുന്ന കർഷകനും' എന്ന ചൊല്ല് നാം കേട്ടിട്ടുണ്ടല്ലോ. സൈനികനെപ്പോലെതന്നെ പ്രധാനപ്പെട്ടവനാണ് കർഷകൻ എന്നാണ് ഈ ചൊല്ലിന്റെ അർത്ഥം. കർഷകൻ സൈനികനെപ്പോലെ പ്രധാനപ്പെട്ടവനാകുന്നതിനു കാരണം കൃഷി ജീവിതമാർക്ഷം എന്നതിലുപരി മനുഷ്യസംസ്കാരത്തിന്റെ അടിത്തറ കൂടിയാണ് എന്നതാണ്. ലോകത്തെ എല്ലാ സംസ്കാരങ്ങളും ഉടലെടുത്തത് കൃഷിയിൽ നിന്നാണ്. കൃഷിക്കുവേണ്ടിയാണ് നദീതടങ്ങളുടെ സമീപം മനുഷ്യർ താമസിച്ചിരുന്നത്. അങ്ങനെയാണ് മഹത്തായ സിന്ധുനദീതട സംസ്കാരങ്ങൾ പോലുള്ള ലോകസംസ്കാരങ്ങൾ പിറവിയെടുത്തത്.

കേരളത്തെക്കുറിച്ച് പറഞ്ഞാൽ കൃഷിയുടെ അംശം പേരിൽത്തന്നെയുള്ള നാടാണ്. കേരവൃക്ഷങ്ങളുടെ നാടായ കേരളം എന്ന് പറയാം. ഒരു കാലത്ത് മലയാളിക്ക് കൃഷി ജീവവായു പോലെയായിരുന്നു; ക്രൈസ്തവർക്ക് പ്രത്യേകിച്ചും. കുടിയേറ്റ ചരിത്രംപോലും, ജീവിക്കാനായി കൃഷിയിടങ്ങൾ തേടി നടത്തിയ യാത്രയുടെ ചരിത്രമാണ്. ഇന്ന് നമ്മൾ

കൃഷിയിൽ നിന്ന് അകന്നു പോയെങ്കിലും നമ്മൾ സുഖമായി ഭക്ഷിച്ചു ജീവിക്കുന്നത് മറ്റുള്ളവർ നമുക്കായി കൃഷി ചെയ്യുന്നതുകൊണ്ടാണെന്ന് മറന്നു പോകരുത്.

കേരളത്തിൽ കൃഷിക്ക് വ്യാപക ഇടിവ് സംഭവിച്ചു. പുതു തലമുറ കൃഷി ഏറ്റെടുക്കുന്നേയില്ല. നമ്മൾ പൂർണ്ണമായും ഉപഭോഗ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. അതിനനുസരിച്ച് നമ്മുടെ മൂല്യബോധങ്ങളിലും നിലപാടുകളിലും മാറ്റം വന്നു തുടങ്ങി. നെല്ലും വയലും പച്ചക്കറി തോട്ടങ്ങളും നമ്മുടെ ചുറ്റുപാടികളിൽനിന്ന് അന്യമാകുമ്പോൾ നമ്മുടെ സംസ്കാരം കൂടിയാണ് നമുക്ക് അന്യമാകുന്നത്. വാടിപ്പോയ ചെടികളെ വെള്ളവും വളവും നൽകി ഊർജ്ജസ്വലമാക്കിയെടുക്കുന്ന കർഷകൻ പഠിപ്പിക്കുന്ന വലിയ ജീവിത മൂല്യങ്ങളുണ്ട്. കാത്തിരിപ്പിന്റെയും ക്ഷമയുടെയും ദയയുടെയും വിട്ടുവീഴ്ചയുടെയുമൊക്കെ പാഠങ്ങളാവ. കുട്ടികളെ കൂടെ നിറുത്തി ഇഞ്ചി നടുകയും വാഴവയ്ക്കുകയും അയൽപക്കക്കാരോടൊത്ത് വിളവെടുക്കുകയും ചെയ്തിരുന്ന പഴയകാല മാതാപിതാക്കൾ പകർന്നുകൊടുത്ത മൂല്യങ്ങളിലാണ് നമ്മുടെ നാട് നന്മയുള്ള നാടായി നിലനിന്നത്. ആ സംസ്കാരം പാടേ ഇല്ലാതാകാതിരിക്കാൻ നമ്മൾ ജാഗ്രത പുലർത്തണം.

ഈ ഉത്തമ ബോധ്യത്തിൽ നിന്നാണ് സഭ കൃഷിയെക്കുറിച്ച് പറയുകയും കർഷകരെ ഹൃദയത്തോട് ചേർത്തു നിറുത്തുകയും അവർക്കായി ആത്മാർത്ഥമായി വാദിക്കുകയും ചെയ്യുന്നത്. നമ്മുടെ കർത്താവിന്റെ രക്ഷാകര ചരിത്രത്തിൽ കൃഷിക്കും കാർഷിക പ്രതീകങ്ങൾക്കുമുള്ള സ്ഥാനവും നാം മറന്നുകൂടാ. തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ ആടുമേയ്ക്കുന്നവരും മുന്തിരികൃഷി ചെയ്യുന്നവരും ഗോതമ്പ് നടുന്നവരും മീൻപിടുത്തക്കാരുമായിരുന്നു. അതുകൊണ്ടാണ് നമ്മുടെ കർത്താവ് ദൈവരാജ്യത്തെപ്പറ്റിയുള്ള പ്രബോധനങ്ങളിൽ വയലിൽ വിതയ്ക്കപ്പെട്ട വിത്തിനെയും മുന്തിരി തോട്ടത്തെയും നല്ല ഇടയനെയും കടലിൽ എറിഞ്ഞ വലയെയും കുറിച്ചൊക്കെ പറഞ്ഞതും ഉപമയാക്കിയതും.

ശ്രേഷ്ഠവും മഹനീയവുമായ ഈ വസ്തുതകൾ നിലനിൽക്കെത്തന്നെ ഇന്ന് ഒരു സാധാരണ കർഷകൻ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നമ്മൾ അറിയുകയും കർഷകരുടെ ആവശ്യങ്ങൾക്കായി സംഘടിതമായി പ്രവർത്തിക്കുകയും വേണം. അത്യന്തം സങ്കടകരമായ സാഹചര്യങ്ങളിലൂടെയാണ് കർഷകർ കടന്നു പോകുന്നത്.

ആരും ശ്രദ്ധിക്കാനില്ലാത്തവരായി മാറി കർഷകൻ. അവന്റെ സങ്കടങ്ങൾ ഒരു ഭരണാധികാരിയും ഗൗനിക്കുന്നില്ല. പ്രകൃതി ക്ഷോഭത്തിലൂടെ കൃഷിനാശം സംഭവിച്ച പല കർഷകരും നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകിയിട്ട് വർഷങ്ങളായി കാത്തിരിക്കുകയാണ്. ഇൻഷുറൻസിന്റെയും മറ്റും പേരുപറഞ്ഞ് മുതിർന്ന പൗരന്മാരെപോലും അവഗണിക്കുകയാണ്. കൂടുതലൊന്നും തരണ്ട, ഞങ്ങളുടെ കൃഷി നശിച്ചുപോയതിന് നഷ്ടപരിഹാരമെങ്കിലും തരാമോ എന്ന് സങ്കടപ്പെട്ടു യാചിക്കുന്ന കർഷകരുണ്ട്. എന്നാൽ കർഷകരുടെ നഷ്ടത്തെക്കുറിച്ച് ആശങ്കപ്പെടാത്തവർ വ്യവസായ ഭീമന്മാരുടെ നഷ്ടത്തെക്കുറിച്ച് വ്യാകുലപ്പെടുകയാണ്. സാധാരണക്കാരന്റെ വ്യാകുലതകളാണ് ഭരണാധികാരികളെ ആശങ്കപ്പെടുത്തേണ്ടത്. പണ്ടു കാലങ്ങളിൽ മേലാളന്മാർക്കുമുമ്പിൽ തൊഴുതുനിന്നിരുന്ന അടിയാന്മാരുടെ ഗതികേടിലായിരിക്കുന്നു നമ്മുടെ കർഷകർ. കർഷകന്റെ മക്കളുടെ വിവാഹങ്ങൾ പോലും നടക്കാതെ പോകുന്നു. ഉല്പാദനച്ചിലവിലുണ്ടാകുന്ന വർദ്ധനവ്, കാലാവസ്ഥാമാറ്റം, വന്യജീവികളുടെ ആക്രമണം മൂലമുള്ള വിളനഷ്ടം, അപ്രതീക്ഷിത പ്രകൃതി ക്ഷോ ങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശം, കുടിയേറ്റ കർഷകരെ ആക്ഷേപിക്കുന്ന നടപടികൾ, പട്ടയങ്ങളുടെ നിയമസാധുത റദ്ദാക്കൽ പോലുള്ള കടുത്ത കർഷകദ്രോഹ നടപടികൾ, വനാതിർത്തി വിട്ട് കൃഷി ഭൂമിയിലേക്ക് ബഫർസോൺ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ തുടങ്ങി നിരവധി കാരണങ്ങളാൽ നമ്മുടെ കർഷകർ ഇന്ന് അസ്വസ്ഥരും ആകുലചിത്തരുമായിരിക്കുന്നു. സർക്കാരുകളുടെ സഹായമില്ലാതെ കർഷകന് അവന്റെ ജീവിതം മുന്നോട്ടുകൊണ്ടുപോകാനാവാത്ത സ്ഥിതിയാണുള്ളത്. കർഷകരോടുള്ള ആത്മാർത്ഥത കർഷകദിനാചരണത്തിലും അവാർഡ്ദാനങ്ങളിലും മാത്രം ഒതുക്കി നിറുത്തിയാൽ പോരാ. കർഷക പെൻഷനും കൃഷിനാശം മൂലമുള്ള നഷ്ടപരിഹാരങ്ങളും കാലതാമസം കൂടാതെ വിതരണം ചെയ്യണം. മുതിർന്ന കർഷകർക്ക് ഇൻഷുറൻസ് മാനദണ്ഡങ്ങൾ പോലും പരിഗണിക്കാതെ മുൻഗണന നൽകണം. സർക്കാരുകളുടെ സത്വരശ്രദ്ധ കർഷകന്റെ കാര്യത്തിലുണ്ടാകണം. കർഷക അവഗണന ജനാധിപത്യ ബോധമുള്ള സർക്കാരുകൾക്ക് ഭൂഷണമല്ല.

കർഷകന്റെ ആവശ്യങ്ങളിൽ അടിയന്തിരമായി ഇടപെടണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നതിനോടൊപ്പം കൃഷിയുടെ സംസ്

കാരം അന്യംനിന്ന് പോകാതിരിക്കാൻ, എല്ലാ വീടുകളിലും അടുക്കളത്തോട്ടം ആരംഭിക്കണമെന്നും എല്ലാ കുടുംബങ്ങളോടും കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ ആഹ്വാനം ചെയ്യുന്നു. മാറിയ കാലത്തിന്റെ വ്യഗ്രതകൾക്കിടയിൽ നമുക്ക് കൈമോശം വന്ന കുടുംബകൃഷിയുടെ സംസ്കാരം നാം വീണ്ടെടുക്കണം. ഇത് ഭക്ഷ്യസുരക്ഷയ്ക്ക് മാത്രമല്ല നമ്മുടെ യുവതലമുറയുടെ മൂല്യബോധത്തിനു പോലും ആവശ്യമാണ്. ഡോക്ടറും എഞ്ചിനീയറും അധ്യാപകനുമൊക്കെ ഒഴിവു സമയങ്ങളിൽ കർഷകരാകണം. വീടിന്റെ പരിസരങ്ങളിൽ ഫലവൃക്ഷങ്ങളും പച്ചക്കറിതൈകളും നട്ടുപിടിപ്പിക്കണം. അങ്ങനെ നമുക്ക് കാർഷിക വൃത്തിയുടെ നന്മയെ നിലനിർത്താം.

മിശിഹായിൽ സ്നേഹപൂർവം,

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ കമ്മീഷൻ ചെയർമാൻ

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

.........................................

NB: ഈ സർക്കുലർ 2023 ജനുവരി 15-ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുർബാനമദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Prot. No. AA 20/2022 8-12-2022

## എറണാകുളം-അങ്കമാലി അതിരൂപതയിലെ
# ദൈവജനത്തിനുള്ള കത്ത്

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

സീറോമലബാർ ഹൈരാർക്കി സ്ഥാപിതമായതിന്റെയും എറണാകുളം വികാരിയാത്തു അതിരൂപതയായി ഉയർത്തപ്പെട്ടതിന്റെയും (21 ഡിസംബർ 1923-2023) ശതാബ്ദി വർഷത്തിലേക്കു നാം പ്രവേശിക്കുകയാണ്. അതോടൊപ്പം, മനുഷ്യവംശത്തെ രക്ഷിക്കാൻ സമയത്തിന്റെ പൂർണ്ണതയിൽ ഭൂമിയിൽ അവതീർണനായ ഈശോമിശിഹായുടെ പിറവിത്തിരുനാളിന് ഒരുക്കമായുള്ള മംഗളവാർത്ത കാലത്തിലാണ് നാം. ഈ അവസരത്തിൽ നിങ്ങൾക്കു പ്രാർത്ഥനാശംസകൾ നേരുന്നു. സഭയും നമ്മുടെ അതിരൂപതയും പല തരത്തിലുള്ള വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ നിങ്ങളുടെ പ്രാർത്ഥനകളും സഭാകൂട്ടായ്മയെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളും യാചിക്കാനാണ് ഞാൻ ഈ കത്തെഴുതുന്നത്.

കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ ജനനം സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്തയാണ് (ലൂക്ക 2:10-11). ഈശോയുടെ ജനനം നമുക്ക് സന്തോഷവും സമാധാനവും ഐക്യവും പ്രതീക്ഷയും നൽകണമെങ്കിൽ നമുക്ക് 'ദൈവകൃപ' അഥവാ 'സന്മനസ്സ്' ഉണ്ടാകണം (ലൂക്ക 2:14). വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്ന ഈ സന്മനസ്സിന്റെ മാതൃക പരിശുദ്ധ കന്യകാമറിയത്തിലും വിശുദ്ധ യൗസേപ്പിതാവിലും നമുക്ക് കാണാം. "നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും" (ലൂക്ക 1:31) എന്ന് ഗബ്രിയേൽ മാലാഖ മറിയത്തോട് മംഗളവാർത്ത അറിയിച്ചപ്പോൾ മനുഷ്യബുദ്ധിയിൽ അവൾക്ക് അതിന്റെ അർത്ഥം മനസ്സിലായില്ല. എന്നാൽ അത് ദൈവത്തിന്റെ പദ്ധതിയാണെന്ന് തിരിച്ചറിഞ്ഞപ്പോൾ സ്വാതന്ത്ര്യത്തിന് ദൈവഹിതം എന്ന നിർവ്വചനം കൊടുത്തുകൊണ്ട് അവൾ പറഞ്ഞു: "ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്ക 1:38). മറിയം ഗർഭിണിയാണെന്ന് അറിഞ്ഞപ്പോൾ യഹൂദനിയമത്തിന്റെ കാർക്കശ്യം നോക്കാതെ യൗസേപ്പ് നീതിക്ക് കരുണയുടെ ഭാവം

നൽകാൻ ശ്രമിച്ചു. എന്നാൽ സ്വപ്നത്തിൽ യൗസേപ്പിന് ദൈവഹിതം വെളിപ്പെടുത്തപ്പെട്ടപ്പോൾ അതാണ് നീതിയെന്ന് മനസ്സിലാക്കി, തിരുകുടുംബത്തെ രക്ഷിക്കുകയും രക്ഷകന് പിറക്കാൻ അവസരം ഒരുക്കുകയും ചെയ്തു (മത്താ. 1:18-25). ഇന്ന് നമ്മുടെ ഇടയിൽ കാണുന്ന പലതരത്തിലുള്ള വിഭാഗീയതയുടെ കാരണം നമ്മുടേതായ അഭിപ്രായങ്ങളെ നാംതന്നെ നീതീകരിക്കുന്ന പ്രവണതയാണ്. എന്നാൽ, കുടുംബത്തിലും സഭയിലും സമൂഹത്തിലും സമാധാനവും കൂട്ടായ്മയും രക്ഷയുടെ സാന്നിധ്യവും ഉണ്ടാകണമെങ്കിൽ മറിയത്തെയും യൗസേപ്പിനെയുംപോലെ ദൈവഹിതം അന്വേഷിക്കാനും മനസ്സിലാക്കാനും അതു നിറവേറ്റാനുമുള്ള സന്നദ്ധതയും നമുക്കുണ്ടാകണം. വിശുദ്ധ യൗസേപ്പിതാവ് കാണിച്ചുതരുന്ന നീതിശാസ്ത്രമാണ് നമുക്ക് വേണ്ടത്. ദൈവഹിതം തിരിച്ചറിയാനുള്ള മാനദണ്ഡം തിരുസഭയിലൂടെയാണ് മിശിഹാ നമുക്ക് വെളിപ്പെടുത്തുന്നത്.

ഈശോയുടെ രക്ഷാകരകർമ്മത്തിന്റെ ഫലങ്ങൾ ലോകാവസാനംവരെ മനുഷ്യവർഗ്ഗത്തിന് സംലഭ്യമാകാൻ അവിടുന്ന് നമുക്കായി സമർപ്പിച്ച മാർഗ്ഗമാണ് ഒടുവിലത്തെ അത്താഴവേളയിൽ നാം കാണുന്നത് (ലൂക്ക 22:19). ഈശോ ഏറ്റവും അധികം ആഗ്രഹിച്ചതായി സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: “പീഡയനുഭവിക്കുന്നതിനു മുൻപ് നിങ്ങളോടുകൂടെ ഈ പെസഹാ ഭക്ഷിക്കുന്നതിന് ഞാൻ അത്യധികം ആഗ്രഹിച്ചു (ലൂക്ക 22:15). സെഹിയോൻശാലയിൽ ഈശോ അനുരഞ്ജനത്തിന്റെ സന്ദേശവും സ്നേഹത്തിന്റെ പുതിയ പ്രമാണവും ശുശ്രൂഷയുടെ കാൽകഴുകൽ മാതൃകയും നൽകിയതിനുശേഷം പരിശുദ്ധ കുർബാനയും പൗരോഹിത്യവും സ്ഥാപിച്ചു. ഈശോയുടെ രക്ഷാകരകർമ്മത്തിന്റെ മുഴുവൻ ഓർമ്മയാചരണമാണ് പരിശുദ്ധ കുർബാനയുടെ സ്ഥാപനം (ലൂക്ക 22:19; ഓർമ്മയാചരണം- Anemnesis). പരിശുദ്ധ കുർബാനയിൽ, അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി എന്ന മാലാഖാമാരുടെ ഗീതം നാം ആലപിക്കുമ്പോൾ ഈശോയുടെ ജനനവും, തുടർന്ന് വിശ്വാസത്തിലേക്കും കൂട്ടായ്മയ്ക്കും നയിക്കുന്ന വചനശുശ്രൂഷയും (Liturgy of the Word) (ലൂക്ക 24:7; യോഹ. 8: 31-32; അപ്പ. 2:42) നാം അനുസ്മരിക്കുന്നു. വചനശുശ്രൂഷയ്ക്കു ശേഷം പീഡാസഹനവും മരണവും ഉത്ഥാനവും ഉൾക്കൊള്ളുന്ന ഈശോയുടെ രക്ഷാകരബലിയുടെ (Redemptive Sacrifice) അർപ്പണവും (Offering = കുർബാന) പരിശുദ്ധാത്മാവിന്റെ ആഗമനവും (Epiclesis)

ഈശോയുടെ തിരുശരീരരക്തസന്നിധിയിൽ ആരാധനയും ദിവ്യ കാരുണ്യ സ്വീകരണംവഴി അവിടുത്തോടുള്ള കൂട്ടായ്മയും (Holy Communion) നടക്കുന്നു. മനുഷ്യരക്ഷയ്ക്കുവേണ്ടി ഈശോ അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ തന്നെത്തന്നെയാണ് പിതാവിന് ബലിയായി അർപ്പിക്കുന്നത്. ഗൊൽഗോഥായിൽ, തന്റെ ജീവിതബലി കുരിശിൽ അർപ്പിച്ചപ്പോൾ, എല്ലാം പൂർത്തിയായിരിക്കുന്നു (യോഹ. 19:30); "പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (ലൂക്ക 23:46) എന്ന ഈശോയുടെ ഈ വചനങ്ങൾ സ്വർഗ്ഗപിതാവിന്റെ മുന്നിൽ നൽകുന്ന അർപ്പണമായിരുന്നു. കുർബാനയുടെ കാർമ്മികൻ മിശിഹാതന്നെയാണ്. അവിടന്നു തന്നെയാണ് ഓരോ കുർബാനയിലും അദൃശ്യമായി അധ്യക്ഷനായിരിക്കുന്നത്. മിശിഹായുടെ പ്രതിനിധി എന്ന നിലയിലാണ് മെത്രാനായാലും പുരോഹിതനായാലും കാർമ്മികനാകുന്നത് (CCC 1348). ഓരോ കുർബാനയിലും നാം മിശിഹായോടൊപ്പം സ്വർഗ്ഗപിതാവിന്റെ പക്കലേക്ക് കണ്ണുകളുയർത്തി, സ്വർഗ്ഗത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള യാത്രയിൽ ഈശോയുടെ തിരുശരീരരക്തങ്ങൾ തിരുഭക്ഷണവും ദിവ്യ ഔഷധവുമായി സ്വീകരിച്ച് പ്രേഷിതരായി, കുരിശിന്റെ അടയാളത്തിൽ മുദ്രവയ്ക്കപ്പെട്ട് മിശിഹായാൽ പ്രേഷിതദൗത്യം തുടരാൻ അയക്കപ്പെടുന്നു (ദിവ്യപ്രേഷണം - Holy Mass: CCC. 1332).

പ്രിയമുള്ളവരെ, ഈശോയുടെ ബലിയർപ്പണത്തിന്റെ ഓർമ്മയാചരണമായ പരിശുദ്ധ കുർബാന സ്നേഹത്തിന്റെയും ഐക്യത്തിന്റെയും രക്ഷയുടെയും കൂദാശയാണ്. ഇതേക്കുറിച്ച് നമ്മുടെ ഇടയിൽ വിഭാഗീയത ഉണ്ടാകുന്നത് ഖേദകരമാണ്. ഫ്രാൻസിസ് മാർപാപ്പ പറയുന്ന സിനഡാലിറ്റിയുടെ, അതായത് മിശിഹായോടൊപ്പം അവിടുത്തെ ശരീരമായ സഭയോട് ചേർന്ന് പരിശുദ്ധാത്മാവിനെ ശ്രവിച്ച് ഒന്നിച്ചുനടക്കുക എന്ന ചൈതന്യത്തിന് നിരക്കാത്തതാണ് ഈ വിഭാഗീയത. സീറോമലബാർ സഭയുടെ നവീകരിച്ച കുർബാനക്രമവും ഏകീകൃത കുർബാന അർപ്പണരീതിയും സംബന്ധിച്ചു ഫ്രാൻസിസ് മാർപ്പാപ്പ 2021 ദുക്റാന തിരുനാൾ ദിനത്തിൽ നമ്മുടെ സഭക്കായ് ഇപ്രകാരം എഴുതി: പുതിയ കുർബാനതക്സ അംഗീകരിക്കുന്ന ഈ അവസരത്തിൽ ഞാൻ സഭയിലെ എല്ലാ വൈദികരോടും സമർപ്പിതരോടും അല്മായവിശ്വാസികളോടും സന്തോഷപൂർവം ആഹ്വാനം ചെയ്യുന്നു: നിങ്ങളുടെ സഭയുടെ ഉപരിനന്മയ്ക്കും ഐക്യത്തിനും

വേണ്ടി പരിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി പ്രാവർത്തികമാക്കുന്നതിന് ഉടനടി നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ നമ്മുടെ അതിരൂപതയിൽ ഇത് നടപ്പിലാകാതെ വന്നതിനാൽ മാർപ്പാപ്പ 2022 മാർച്ച് 25-നു നമ്മുടെ അതിരൂപതയ്ക്ക് മാത്രമായി വീണ്ടും എഴുതി: വിശുദ്ധ കുർബാന നടപ്പിലാക്കാൻ തെരഞ്ഞെടുക്കപ്പെട്ട തിയ്യതിയായ 2021 നവംബർ28 മുതൽ സിനഡിന്റെ തീരുമാനം നടപ്പിൽവരുത്താൻ 34 രൂപതകൾ തീരുമാനിച്ചിരുന്നു. നിങ്ങളുടെ കാര്യത്തിൽ ഇതുണ്ടായില്ലെന്നതു ഖേദകരമാണ്. വിഭിന്നമായ അഭിപ്രായവ്യത്യാസങ്ങളുടെ പശ്ചാത്തലത്തിൽ, ദശാബ്ദങ്ങൾ നീണ്ട ചർച്ചകൾക്കുശേഷമാണ് മെത്രാന്മാരുടെ സിനഡ് ഏകീകൃത അർപ്പണരീതിയെക്കുറിച്ചുള്ള തീരുമാനമെടുത്തത്. രണ്ടാം വത്തിക്കാൻ കൗൺസിൽവരെ എല്ലാ കത്തോലിക്കാ സഭകളിലും കാർമ്മികൻ അൾത്താര അഭിമുഖമായിട്ടാണ് കുർബ്ബാനയർപ്പണം നടത്തിയിരുന്നത്. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം കാർമ്മികൻ ജനാഭിമുഖമായി ബലിയർപ്പിക്കാൻ ലത്തീൻ സഭ ആരംഭിച്ചു. അതേസമയം പൗരസ്ത്യ സഭകളുടെ ദൈവശാസ്ത്ര പശ്ചാത്തലത്തിൽ പൗരാണിക പാരമ്പര്യം തന്നെ പൊതുവെ തുടർന്നുപോന്നു. ഈ പശ്ചാത്തലത്തിലാണ് സീറോമലബാർ മെത്രാൻമാർ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ നേതൃത്വത്തിൽ 1968 ലെയും 1974 ലെയും കുർബ്ബാന തക്സയിൽ ഇപ്രകാരം കൃത്യമായി എഴുതിയത്: കുർബ്ബാനയുടെ ആദ്യഭാഗം (Liturgy of the word) ജനങ്ങൾക്കഭിമുഖമായി നിന്ന് ചൊല്ലാവുന്നതാണ്. മനുഷ്യരക്ഷക്കുവേണ്ടി പിതാവായ ദൈവത്തിന് ഈശോ അർപ്പിക്കുന്ന കുർബ്ബാനയനുസ്മരണത്തിൽ വിശ്വാസത്തിലേയ്ക്കു നയിക്കുന്ന പ്രബോധന ഭാഗം (Liturgy of the Word) ജനാഭിമുഖമായിരിക്കുന്നതാണ് അഭികാമ്യം എന്ന ദർശനമാണ് ഇവിടെ കാണുന്നത്. ഈശോ പിതാവിനർപ്പിക്കുന്ന രക്ഷാകരബലിയുടെ ഭാഗം (Liturgy of Breaking the Bread) കാർമ്മികനും ജനങ്ങളും ഒരേ ദിശയിൽ പിതാവിലേയ്ക്ക് നോക്കുന്ന പൗരസ്ത്യ സഭകളുടെ പാരമ്പര്യം തുടർന്നുപോന്നു. എന്നാൽ പിന്നീട് നമ്മുടെ സഭയിൽ മൂന്ന് തരത്തിൽ കുർബ്ബാനയർപ്പണരീതി ഉണ്ടായി. കാർമ്മികൻ കുർബ്ബാനയുടെ 1) മുഴുവൻ സമയവും അൾത്താര അഭിമുഖമായി ചൊല്ലുന്നു, 2) മുഴുവൻ സമയവും ജനാഭിമുഖമായി ചൊല്ലുന്നു, 3) ആദ്യ ഭാഗം ജനാഭിമുഖമായും രണ്ടാം ഭാഗം അൾത്താര അഭിമുഖമായും ചൊല്ലുന്നു. കുർബ്ബാനയർപ്പണരീതിയുടെ അടിസ്ഥാന കാര്യത്തിലുള്ള മേൽപ്പറഞ്ഞ

വ്യത്യാസം സഭയിൽ പലതരത്തിലുള്ള ഭിന്നതകൾക്ക് കാരണമായി. ഇക്കാര്യത്തിൽ ഐക്യരൂപം ഉണ്ടാകണമെന്ന് പരിശുദ്ധ സിംഹാസനവും, മെത്രാൻമാരടക്കം ദൈവജനവും പലതവണ ആവശ്യപ്പെടുകയുണ്ടായി. ഈ ഐക്യത്തിനുവേണ്ടി അതീവമായി ആഗ്രഹിച്ച മാർ വർക്കി വിതയത്തിൽ പിതാവിനെ നന്ദിയോടെ ഓർക്കുന്നു. ദീർഘനാളത്തെ പ്രാർത്ഥനകൾക്കും സമവായ ചർച്ചകൾക്കും ശേഷമാണ് 1999 ലും പിന്നീട് 2020-2021 ലും സിനഡ് പിതാക്കൻമാർ ഏകീകൃത കുർബ്ബാന അർപ്പണരീതിയെകുറിച്ചുള്ള തീരുമാനത്തിലെത്തിയത്. ഓരോരുത്തരും ആഗ്രഹിച്ച രീതിയിൽ ചിലപ്പോൾ ചർച്ചകൾ നടന്നിട്ടില്ലായിരിയ്ക്കാം. എന്നാൽ അധികാരപ്പെട്ട സമിതിയായ മെത്രാന്മാരുടെ സിനഡ് തീരുമാനങ്ങളെടുക്കുമ്പോൾ അത് സ്വീകരിക്കാൻ സഭാംഗങ്ങൾക്കു ഉത്തരവാദിത്തമുണ്ട്. കുർബ്ബാനയുടെ അടിസ്ഥാന കാര്യത്തിലാണ് ഈ ഐക്യരൂപം നിഷ്ക്കർഷിച്ചത്. അതേസമയം മദ്ബഹ വിരി, കുരിശുവരച്ചുള്ള ആരംഭം എന്നീ കാര്യങ്ങളിൽ രൂപതാമെത്രാന് ഡിസ്പെൻസേഷൻ (Dispensation) നൽകാനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. കാർമ്മികന് തക്സയിൽ പറഞ്ഞിരിക്കുന്നതുപോലെ പലതരത്തിലുള്ള ഐശ്ചികങ്ങളും (Options) നൽകുകയുണ്ടായി. പക്ഷെ, നമ്മുടെ അതിരൂപതയിൽ ഇക്കാര്യത്തെക്കുറിച്ച് വലിയ വിഭിന്നത ഇപ്പോഴും നിലനിൽക്കുന്നത് ഏവർക്കും വേദനാജനകമാണ്.

ആരാധനക്രമത്തെക്കുറിച്ച് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ തീരുമാനമെടുക്കേണ്ടത് സിനഡാണ്. 25-3-2022ലെ കത്തിൽ മാർപ്പാപ്പ ഇപ്രകാരം എഴുതി: നിങ്ങളുടെ സഭയുടെ ആരാധനക്രമം നിർണ്ണയിക്കാൻ പരമോന്നതാധികാരമുള്ള സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ മെത്രാൻ സിനഡ്, കുറച്ചുവർഷങ്ങൾക്കുമുമ്പു നിർദേശിച്ച രീതിയിൽ ഏതാനും ആരാധനക്രമഗ്രന്ഥങ്ങൾ അംഗീകരിക്കുക മാത്രമല്ല, ആഘോഷങ്ങളുടെ രീതി നിർണയിക്കുകയും ചെയ്തിരുന്നു. സഭാനിയമപ്രകാരം ഈ തീരുമാനം അംഗീകരിച്ചു നടപ്പിലാക്കാൻ എല്ലാ ദൈവജനത്തിനും (CCEO c.150§2) അത് ഉറപ്പുവരുത്താൻ രൂപതാദ്ധ്യക്ഷനും ഉത്തരവാദിത്വമുണ്ട് (CCEO c. 199§1). മാർപ്പാപ്പ വീണ്ടും ആഹ്വാനം ചെയ്തു: അതിനാൽ, സിനഡ് നിശ്ചയിച്ചപ്രകാരം, വിശുദ്ധ കുർബാനയാഘോഷത്തിന്റെ രൂപം എങ്ങനെയാകണമെന്ന സിനഡിന്റെ തീരുമാനം 2022 ഈസ്റ്ററിനു മുമ്പായി താമസംവിനാ നടപ്പാക്കാൻ പിതൃനിർവിശേഷമായി ഉദ്ബോ

ധിപ്പിച്ചുകൊണ്ടു ഞാൻ നിങ്ങൾക്കെഴുതുന്നു. എന്നാൽ, സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പിന്റെ ആസ്ഥാനരൂപതയായ നമ്മുടെ അതിരൂപതയിൽ മാർപ്പാപ്പയുടെ ഈ ആഹ്വാനം ഇതുവരെ നടപ്പിലായില്ലെന്നുള്ളത് നമുക്കേവർക്കും വേദനാജനകമാണ്.

നമ്മുടെ അതിരൂപതയിൽ ആരാധനക്രമവുമായി ബന്ധപ്പെട്ടുണ്ടായ പ്രതിസന്ധികളുടെ പശ്ചാത്തലത്തിലാണ് ഫ്രാൻസീസ് മാർപ്പാപ്പ എന്നെ എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി 2022 ജൂലൈ 30 ന് നിയമിച്ചത്. എന്റെ പ്രധാന ദൗത്യം മാർപ്പാപ്പ ആഹ്വാനം ചെയ്തതുപോലെ സിനഡുതീരുമാനം നടപ്പിലാക്കുക എന്നതാണ്. പരിശുദ്ധ സിംഹാസനം നൽകിയ ഈ ഉത്തരവാദിത്വത്തിൽനിന്ന് വിഭിന്നമായ ഒരു തീരുമാനം എടുക്കുക എനിക്കു സാധ്യമല്ല. അതിരൂപതയിലെ വൈദികരെയും ബന്ധപ്പെട്ട ചില സമിതികളെയും എന്നെ സന്ദർശിക്കാൻ വന്ന വിഭിന്ന അഭിപ്രായ മുള്ളവരെയും ഞാൻ ദീർഘസമയം ശ്രവിക്കുകയുണ്ടായി. എന്റെ മേലധികാരികളുടെ നിർദ്ദേശങ്ങൾ ഞാൻ എപ്പോഴും സ്വീകരിച്ചിരുന്നു. നിയമന കൽപ്പനയിൽ പരിശുദ്ധ കുർബാനയെക്കുറിച്ചുള്ള സിനഡ് തീരുമാനം ഉടനടി നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ള ഇടവകകൾക്ക് ബോധനം നൽകാനുള്ള ലക്ഷ്യത്തോടെ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലത്തേയ്ക്ക് പ്രത്യേകമായി ഒഴിവ് നൽകാനുള്ള അധികാരവും നൽകിയിരുന്നു. എന്നാൽ, കത്തീഡ്രൽ ദൈവാലയം, പരിശീലന കേന്ദ്രങ്ങളായ സെമിനാരികൾ, തീർത്ഥാടന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ 50:50 എന്ന അർപ്പണരീതി ഉടനടി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ് എന്ന് വ്യക്തമാക്കിയിരുന്നു. ഈ മാർഗ്ഗനിർദ്ദേശം നടപ്പിലാകാതെ വന്ന സാഹചര്യത്തിൽ വി. കുർബാന അർപ്പണ രീതിയെക്കുറിച്ചുള്ള സിനഡുതീരുമാനം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരിശുദ്ധ സിംഹാസനം 2022 സെപ്റ്റംബർ 20-ാം തിയ്യതി എനിക്ക് കത്തെഴുതി. ഈ കത്തിൽ പ്രത്യേക ആരാധനാരീതിയുടെ (Liturgical Variant) സാധ്യത തള്ളിക്കളയുന്നു എന്നും വ്യക്തമാക്കിയിരുന്നു. ഇതിന്റെകൂടി അടിസ്ഥാനത്തിലാണ് 2022 സെപ്റ്റംബർ 30-ാം തിയ്യതി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളോടെ ഞാൻ സർക്കുലർ എഴുതിയത്.

പരിശുദ്ധ സിംഹാസനത്തിന്റെ മേൽപറഞ്ഞ മാർഗ്ഗനിർദ്ദേശത്തിന്റെ വെളിച്ചത്തിൽ കത്തീഡ്രലിലും മൈനർ സെമിനാരിയലും മറ്റും സിനഡ്

നിർദ്ദേശിച്ച രീതിയിൽ കുർബാനയർപ്പിക്കാൻ നേരിട്ടും രേഖാമൂലവും ഞാൻ ആവശ്യപ്പെടുകയുണ്ടായി. മംഗളവാർത്താകാലം ആരംഭിക്കുന്ന 2022 നവംബർ 27 ഞായർ മുതലെങ്കിലും സിനഡ് തീരുമാനപ്രകാരമുള്ള കുർബ്ബാനയർപ്പണരീതി കത്തീഡ്രലിൽ ആരംഭിക്കണമെന്ന പരിശുദ്ധ സിംഹാസനത്തിന്റെ അനുശാസനത്തിന്റെയും പെർമനെന്റ് സിനഡിന്റെ നിർദ്ദേശത്തിന്റെയും വെളിച്ചത്തിലാണ് മുൻധാരണപ്രകാരം അന്നേ ദിവസം കത്തീഡ്രൽ ബസിലിക്കയിൽ രാവിലത്തെ ആദ്യ കുർബ്ബാന അർപ്പിക്കാൻ ഞാൻ പോയത്. എന്നാൽ ഗെയിറ്റ് അടച്ചിട്ട് പള്ളിയിൽ കയറാൻ പറ്റാത്ത രീതിയിലുള്ള പ്രക്ഷോഭത്തിന്റെ സാഹചര്യത്തിൽ എനിയ്ക്ക് തിരിച്ചുപോകേണ്ടിവന്നത് ദൗർഭാഗ്യകരമാണ്. അതേതുടർന്ന് പള്ളിപ്പരിസരത്ത് സിനഡ് തീരുമാനത്തെ അംഗീകരിക്കുകയും എതിർക്കുകയും ചെയ്യുന്നവർ തമ്മിൽ അസ്വാരസ്യങ്ങൾ ഉണ്ടാകുകയും കത്തീഡ്രൽ ബസിലിക്ക പോലീസ് അടയ്ക്കുകയും ചെയ്ത കാര്യം നമുക്ക് ഏവർക്കും വളരെ വേദനാജനകമായ സംഭവമാണ്. പരിശുദ്ധ സിംഹസനത്തിന്റെ തീരുമാനത്തിനെതിരായ പ്രവർത്തനം മാർപ്പാപ്പയെ നിരാകരിക്കുന്നതിന് തുല്ല്യമായി വേണം കണക്കാക്കാൻ. കത്തോലിക്കരായ നമുക്ക് ഇത് ഒരിക്കലും ഭൂഷണമല്ല. ആദിമസഭയിൽ, അപ്പസ്തോലന്മാരുടെ ഇടയിൽപ്പോലും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു. വിജാതീയർ ക്രിസ്ത്യാനികൾ ആകണമെങ്കിൽ പരിച്ഛേദനകർമ്മം നടത്തി ആദ്യം യഹൂദരാകണമെന്ന് ഒരു കൂട്ടർ വാദിച്ചപ്പോൾ വിശ്വാസത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടതെന്ന് മറ്റൊരു കൂട്ടർ ചൂണ്ടികാണിച്ചു. ഈ തർക്കത്തിന്റെ പശ്ചാത്തലത്തിൽ വലിയ വാദപ്രതിവാദങ്ങൾ ഉണ്ടായെങ്കിലും, പ്രാർത്ഥിച്ച് ആദ്യത്തെ മാർപാപ്പയായ പത്രോസ് പരിശുദ്ധാത്മാവിന്റെ പ്രേരണയിൽ തീരുമാനം പറഞ്ഞപ്പോൾ സഭ മുഴുവൻ അത് സ്വീകരിച്ചു (അപ്പ. 15.7-11, 28). ഇന്നും സഭയിൽ പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗം അതാണ്. പരിശുദ്ധ കുർബാനയെക്കുറിച്ചുള്ള ഇന്നത്തെ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ആദിമസഭ സ്വീകരിച്ച രീതിയാണ് നാം കൈക്കൊള്ളേണ്ടത്. അതിനാൽ മാർപാപ്പ അന്തിമമായി പറഞ്ഞ ആഹ്വാനം സ്വീകരിച്ച് നമ്മുടെ അതിരൂപതയുടെ കൂട്ടായ്മയും പ്രേഷിത ചൈതന്യവും നിലനിർത്താൻ ഞാൻ നിങ്ങളെ വീണ്ടും ആഹ്വാനം ചെയ്യുകയാണ്.

മനുഷ്യനെ ദൈവവുമായി അനുരഞ്ജനപ്പെടുത്താൻ ഭൂജാതനായ ഈശോ (യോഹ. 3:16) കുരിശുമരണത്തോളം തന്നെത്തന്നെ താഴ്ത്തി

(ഫിലി 2:6–7) പിതാവിന്റെ ഹിതത്തിനു (യോഹ. 6:38, 26:39) പൂർണ മായും വിധേയപ്പെട്ടതുപോലെ കുർബാനയെക്കുറിച്ചുള്ള സിനഡ് തീരുമാനം ഈ ക്രിസ്തുമസിന്റെ അവസരത്തിലെങ്കിലും നമ്മുടെ അതിരൂപതയിൽ നടപ്പിലാക്കാൻ ഞാൻ വിനീതമായി അപേക്ഷി ക്കുകയാണ്. സഭാതീരുമാനപ്രകാരം കുർബാനയർപ്പിക്കുമ്പോഴാണ് അത് നിയമാനുസൃതമാകുക. മാർപ്പാപ്പയുടെ ആഹ്വാനം സ്വീകരിച്ച് കത്തോലിക്കാസഭയുടെ കൂട്ടായ്മ പരസ്യമായി നമുക്ക് പ്രഖ്യാപിക്കാം. ശതാബ്ദി വർഷത്തിലേക്കു പ്രവേശിക്കുന്ന നമ്മുടെ അതിരൂപത മറ്റു രൂപതകൾക്കു മാതൃകയാകേണ്ടതാണ്. ഇന്ന് സഭ വിവിധതരത്തിലുള്ള വെല്ലുവിളികൾ നേരിടുന്നു. സഭയുടെ അകത്തുനിന്നും പുറത്തുനിന്നും വെല്ലുവിളികളുണ്ട്. സഭയുടെ തകർച്ച ലക്ഷ്യം വയ്ക്കുന്നവർ സഭയെ ഭിന്നചേരികളിലാക്കി രണ്ടുകൂട്ടരെയും പലതരത്തിൽ പ്രോത്സാഹിപ്പിച്ച് തമ്മിലടിപ്പിക്കുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഇടയിലുള്ള അഭിപ്രായഭിന്നത സഭാംഗങ്ങളേയും വിശ്വാസ ജീവിതത്തെയും സഭയുടെ സാക്ഷ്യത്തെയും ദൈവവിളികളെയും പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ആരാധനാക്രമവിവാദത്തിന്റെ പശ്ചാത്തലത്തിൽ സഭാജീവിതത്തിൽ നാം മുൻഗണന കൊടുക്കേണ്ട പല കാര്യങ്ങളും നടപ്പിലാക്കാൻ പറ്റാത്ത ഒരു തരത്തിലുള്ള തളർച്ച നമ്മുടെ അതിരൂപത അഭിമുഖീകരിക്കുകയാണ്. അതിനാൽ നാം നേരിടുന്ന പ്രതിസന്ധികൾ പരിഹൃതമാകുന്നതിനുവേണ്ടി ദൈവഹിത ത്തിനു നമുക്കു സമർപ്പിക്കാം. നമ്മുടെ സ്വന്തമായ നീതീകരണ കാരണങ്ങളും ചിന്തകളും കൈവെടിഞ്ഞ് സഭ ആവശ്യപ്പെടുന്നതനു സരിച്ച് ദൈവത്തിലാശ്രയിക്കാനും ദൈവേഷ്ടം നിറവേറ്റാനും നമുക്ക് പ്രതിജ്ഞയെടുക്കാം.

എന്റെ പ്രിയ ബഹുമാനപ്പെട്ട വൈദികരെ, ഈശോ നമ്മെ ഭരമേൽപ്പിച്ച അജഗണത്തെ (1 പത്രോ. 5.1–4) സഭയോട് ചേർത്തുനിർത്തി പരിപാലിക്കാൻ നമുക്ക് ശ്രമിക്കാം. തിരുപ്പട്ടത്തിന്റെ അവസരത്തിൽ എടുത്ത പ്രതിജ്ഞ നാം ഓർക്കണം. ദൈവവിളിയെ പ്രോത്സാ ഹിപ്പിക്കാൻ ഉത്തരവാദിത്തപ്പെട്ട നാം പൗരോഹിത്യത്തിലേയ്ക്ക് പ്രവേ ശിക്കുന്നവർ അവരെടുക്കുന്ന പ്രതിജ്ഞ പാലിക്കപ്പെടാനുള്ള സാഹ ചര്യമൊരുക്കണം. വൈദികരാണ് ദൈവജനത്തെ മാർപാപ്പയോടും സഭയോടും ചേർത്തുനിർത്തി സഭാകൂട്ടായ്മ വളർത്താൻ നേതൃത്വം

കൊടുക്കേണ്ടത്. ഈ ക്രിസ്മസ്-നവവത്സര കാലഘട്ടത്തിൽ നമ്മുടെ അതിരൂപതയിൽനിന്ന് തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാർക്കുവേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. സഭയോട് ചേർന്നുനിൽക്കുന്ന ഈശോയുടെ മനോഭാവമുള്ള നല്ല പുരോഹിതരായിത്തീരാൻ ദൈവം അവരെ അനുഗ്രഹിക്കട്ടെ.

പ്രിയ സമർപ്പിതരെ, സഭയിലെ പ്രതിസന്ധികൾ പരിഹൃതമാകാനും കൂട്ടായ്മയിൽ നിലനിൽക്കാനും നിങ്ങൾ തുടർന്നും അക്ഷീണം പ്രാർത്ഥിക്കണം. വ്രതസമർപ്പണത്തിന്റെ ചൈതന്യത്തിൽ സഭാകൂട്ടായ്മയെ പരിപോഷിപ്പിക്കാൻ നിങ്ങൾക്കും ഉത്തരവാദിത്വമുണ്ട്. ദൈവവിളി പരിപോഷണത്തിന് ഇത് അനിവാര്യമാണ്. പ്രിയ അത്മായ സഹോദരങ്ങളെ, സഭയെയും സഭയുടെ ആചാരങ്ങളെയും കുറിച്ച് സാമൂഹ്യമാധ്യമങ്ങളിലടക്കമുള്ള തെറ്റായ പല പ്രചാരണങ്ങളുടെയും മദ്ധ്യത്തിൽ വിശ്വാസ പ്രതിസന്ധികൾ നിങ്ങൾ നേരിടുന്നുണ്ടെന്ന് എനിക്കറിയാം. മൂലക്കല്ലായ ഈശോയോടും അടിത്തറയായ അപ്പസ്തോലൻമാരോടും (എഫേ. 2.19-22) അവരുടെ പിൻഗാമികളോടും ചേർന്നുനിന്ന് സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ സ്വീകരിച്ച് കുടുംബത്തെ പരിപോഷിപ്പിക്കാനും സഭാപ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഞാൻ ആഹ്വാനം ചെയ്യുന്നു. ഈശോയോടുകൂടി പത്രോസിന്റെയും അപ്പസ്തോലൻമാരുടെയും പിൻഗാമികളോട് ചേർന്നുനിൽക്കലാണ് വിഭാഗീയതയെ ഒഴിവാക്കാനുള്ള മാനദണ്ഡം. നമ്മുടെ ഇടയിലെ പാവപ്പെട്ടവരെയും വേദനിക്കുന്നവരെയും സഹായിക്കാൻ ഈ ക്രിസ്തുമസ് കാലത്ത് നമുക്ക് പരിശ്രമിക്കാം. സഭ അംഗീകരിച്ചിട്ടുള്ള ഭക്താഭ്യാസങ്ങളായ ദിവ്യകാരുണ്യ ആരാധന, ജപമാല, കുരിശിന്റെ വഴി തുടങ്ങിയ പ്രാർത്ഥനാരീതികളിലൂടെ നമ്മുടെ വിശ്വാസജീവിതം കൂടുതൽ ആഴപ്പെടുത്താൻ നമുക്ക് പരിശ്രമിക്കാം. അടുത്തുവരുന്ന ക്രിസ്തുമസിന്റെയും നവവത്സരത്തിന്റെയും ആശംസകൾ ഏവർക്കും നേരുന്നു.

എറണാകുളം അതിരൂപതയായതിന്റെ ശതാബ്തിവർഷം അനുഗ്രഹദായകമാകട്ടെ. ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹവും കൃപയും പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ തോമാശ്ലീഹായുടെയും മധ്യസ്ഥതയിൽ നിങ്ങൾക്കേവർക്കും ആശംസിക്കുന്നു. ഉണ്ണിയീശോ നിങ്ങളെ അനുഗ്രഹിക്കട്ടെ! പ്രതിസന്ധികളുടെ ഈ കാല

ഘട്ടത്തിൽ സഭ എന്നെ ഏൽപ്പിച്ചിരിക്കുന്ന ഭാരിച്ച ഉത്തരവാദിത്വം ദൈവവും സഭയും ആഗ്രഹിക്കുന്ന രീതിയിൽ നിറവേറ്റാൻ നിങ്ങൾ എനിയ്ക്കുവേണ്ടി പ്രാർത്ഥിക്കണമെ. ഈശോ നിങ്ങളെ അനുഗ്രഹിക്കട്ടെ.

2022 ഡിസംബർ 8-ാം തിയതി അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനത്തിൽ നൽകപ്പെട്ടത്.
എന്ന്,

ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്
എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക്
അഡ്മിനിസ്ട്രേറ്റർ

N.B. ഈ കത്ത് എറണാകുളം-അങ്കമാലി അതിരൂപതയിലെ സാധിക്കുന്ന എല്ലാ വ്യക്തികൾക്കും ഭവനങ്ങൾക്കും സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റും അയച്ചുകൊടുക്കാൻ ബഹുമാനപ്പെട്ട വൈദികരോടും സമർപ്പിത അധികാരികളോടും കുടുംബകൂട്ടായ്മ-സംഘടന-വിശ്വാസ പരിശീലന ഭാരവാഹികളോടും ഞാൻ ആഹ്വാനം ചെയ്യുന്നു.
+ ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്

---

## അതിരൂപതാ ഡയറക്ടറി

2023-24 വർഷത്തെ അതിരൂപതാ ഡയറക്ടറി പ്രസിദ്ധീകരിക്കുവാൻ തയ്യാറെടുക്കുന്നു. തിരുത്തലുകൾ വരുത്തേണ്ടതായിട്ടുണ്ടെങ്കിൽ **ഫെബ്രുവരി 28-ന്** മുമ്പായി അവ അതിരൂപതാ കച്ചേരിയിൽ എത്തിച്ചുതരണമെന്ന് താല്പര്യപ്പെടുന്നു. E-mail: directoryekm@gmail.com

ചാൻസലർ

സർക്കുലർ: 10/2022

# എമെരിറ്റസ് പാപ്പാ ബെനഡിക്ട് പതിനാറാമൻ ദിവംഗതനായി

രോഗാവാസ്ഥയിലായ ബെനഡിക്ട് പതിനാറാമൻ പാപ്പയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഫ്രാൻസിസ് പാപ്പാ നമ്മോടു ആവശ്യപ്പെട്ടത് ഏതാനും ദിവസങ്ങൾക്ക് മുമ്പാണല്ലോ. ജീവിതത്തിന്റെ സായാഹ്നത്തിലെത്തിയ ബെനഡിക്ട് പാപ്പയ്ക്ക് കർത്താവിന്റെ സമാശ്വാസം ലഭിക്കാനായി സഭ മുഴുവൻ പ്രാർത്ഥിച്ചു. എല്ലാവരുടെയും സ്നേഹനിർഭരമായ പ്രാർത്ഥനകളുടെ അകമ്പടിയോടെ സഭയ്ക്കും ലോകത്തിനും പ്രിയങ്കരനായ ബെനഡിക്ട് പാപ്പ സ്വർഗീയപിതാവിന്റെ പക്കലേക്ക് യാത്രയായി. 2022 ഡിസംബർ 31 ശനിയാഴ്ച പ്രാദേശിക സമയം രാവിലെ 9.34 നായിരുന്നു പിതാവ് ദിവംഗതനായത്. മൃതസംസ്ക്കാരം 2023 ജനുവരി 5 വ്യാഴാഴ്ച ഫ്രാൻസിസ് പാപ്പയുടെ മുഖ്യകാർമികത്വത്തിൽ വത്തിക്കാനിൽ നടക്കും.

1927 ഏപ്രിൽ 16-ന് ജർമ്മനിയിൽ ജനിച്ച ജോസഫ് റാറ്റ്സിംഗർ, 1951 ജൂൺ 29-ന് തന്റെ ജ്യേഷ്ഠസഹോദരനോടൊപ്പം പൗരോഹിത്യം സ്വീകരിച്ചു. 1953-ൽ വിശുദ്ധ അഗസ്തീനോസിന്റെ സഭാദർശനത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ജോസഫ് റാറ്റ്സിംഗർ ദീർഘകാലം ദൈവശാസ്ത്ര അധ്യാപകനായിരുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ എല്ലാ സമ്മേളനങ്ങളിലും ദൈവശാസ്ത്ര ഉപദേശകൻ എന്ന നിലയിൽ അദ്ദേഹം പങ്കെടുത്തു. ഈടുറ്റ നിരവധി ദൈവശാസ്ത്ര ഗ്രന്ഥങ്ങളും ലേഖനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. 1977-ൽ മെത്രാപ്പോലീത്തയായി നിയമിതനായപ്പോൾ 'സത്യത്തിൽ സഹപ്രവർത്തകൻ' എന്ന തിരുവചന ശകലമാണ് (3 യോഹ 8) ആപ്തവാക്യമായി അദ്ദേഹം സ്വീകരിച്ചത്. 1977-ൽത്തന്നെ അദ്ദേഹം കർദിനാളായും ഉയർത്തപ്പെട്ടു. 1981 നവംബർ 25-ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ അദ്ദേഹത്തെ വിശ്വാസതിരുസംഘത്തന്റെ പ്രീഫെക്ട് ആയി നിയമിച്ചു. പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷന്റെയും ദൈവശാസ്ത്ര കമ്മീഷന്റെയും പ്രസിഡന്റായും അദ്ദേഹം സേവനം ചെയ്തി

ട്ടുണ്ട്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം തയ്യാറാക്കിയ കമ്മീഷന്റെ പ്രസിഡന്റും കർദിനാൾ ജോസഫ് റാറ്റ്സിംഗറായിരുന്നു. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ദേഹവിയോഗത്തെ തുടർന്ന് 2005 ഏപ്രിൽ 19-ന് തിരുസഭയുടെ ഇരുന്നൂറ്റി അറുപത്തി അഞ്ചാമത് മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ട കർദിനാൾ ജോസഫ് റാറ്റ്സിംഗർ 'ബെനഡിക്ട് പതിനാറാമൻ' എന്ന നാമം സ്വീകരിച്ചു. ആധുനിക സഭാ ചരിത്രത്തിൽ ആദ്യമായി സ്ഥാനത്യാഗം ചെയ്ത മാർപാപ്പയാണ് ബെനഡിക്ട് പതിനാറാമൻ. 2013 ഫെബ്രുവരി 28-നാണ് ബെനഡിക്ട് പതിനാറാമൻ പാപ്പാ സ്ഥാനത്യാഗം ചെയ്തത്.

ദിവംഗതനായ എമെരിറ്റസ് പാപ്പയോടുള്ള ആദരസൂചകമായി സംസ്ക്കാര ദിവസം വരെ പള്ളികളിൽ കറുത്ത കൊടി നാട്ടേണ്ടതും ആഘോഷപരിപാടികൾ ഒഴിവാക്കേണ്ടതുമാണ്. അനുശോചനയോഗങ്ങൾ കൂടി ദുഃഖമാചരിക്കേണ്ടതും മൃതസംസ്ക്കാര ദിവസം അതിരൂപതയിലെ സ്ഥാപനങ്ങൾക്കെല്ലാം അവധി നൽകേണ്ടതുമാണ്. സംസ്ക്കാരദിവസം പരിശുദ്ധ പിതാവിനുവേണ്ടി നമ്മുടെ എല്ലാ ദേവാലയങ്ങളിലും മരിച്ചവർക്കുവേണ്ടിയുള്ള വിശുദ്ധ കുർബാന, ഒപ്പീസ് മുതലായ തിരുക്കർമ്മങ്ങൾ നടത്തുകയും ദുഃഖസൂചകമായി മണി അടിക്കുകയും വേണം. സാധിക്കുന്നവരെല്ലാം കുർബാനയിൽ പങ്കെടുക്കുകയും ദിവ്യകാരുണ്യം സ്വീകരിച്ച് പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്.

എന്ന്,

**ആർച്ച്ബിഷപ്പ് ആൻഡ്രൂസ് താഴത്ത്**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി മേജർ അതിരൂപത
31/12/2022

N.B.: 2023 ജനുവരി 1-ാം തീയതി പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കുന്നതിനായി നൽകിയ സർക്കുലർ.

## കച്ചേരിക്കാര്യം

# Transfers/Appointments

## December 2022

Rev. Fathers

| | |
|---|---|
| Kallarackal Joseph (Joy) | Supervision of South Vazhakkulam Property (Additional) |
| Kannamkari Ajith VC | Kunnel (Alangad)- Assistant |
| Kiliyelikkudy Paul (Anil) (Jr.) | Cherthala, Naipunnya College- Academic Assistant (Additional) |
| Lidhin Babychan OFM Cap. | Pazhanganad- Assistant |
| Poothavelil Antony | Ernakulam Cathedral Basilica - Administrator (Additional) |
| Thykkadan Rijo OFM Cap. | Valluvally - Assistant |
| Vadakkedath Joseph CMI | Manjapra - Resident Priest |

**Chancellor**

## ചരമവാർഷികം



### മാർ അഗസ്റ്റിൻ കണ്ടത്തിൽ

കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാപ്പോലീത്തയുടെ 67-ാം ചരമ വാർഷികം ജനുവരി 10-ാം തീയതി യാണ്. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥി ക്കണമെന്നോർമ്മിപ്പിക്കുന്നു. വൈകിട്ട് 6.00 മണിക്ക് അഭിവന്ദ്യ പിതാവിനു വേണ്ടി എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ ദിവ്യബലിയും പ്രത്യേക പ്രാർത്ഥനാശുശ്രൂഷയും ഉണ്ടായിരി ക്കുന്നതാണ്.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# ജൂബിലി മംഗളങ്ങൾ

## സുവർണ്ണജൂബിലി (1973-74 - 2023-24)




1) റവ. ഫാ. പോൾ മണവാളൻ (K)
2) റവ. ഫാ. സെബാസ്റ്റ്യൻ തളിയൻ
3) റവ. ഫാ. ജേക്കബ് മരോട്ടിക്കുടി
4) റവ. ഫാ. ജോർജ് മാണിക്കത്താൻ
5) റവ. ഫാ. ജോസ് പാലത്തിങ്കൽ

## രജതജൂബിലി (1998-99 - 2023-24)




1) റവ. ഫാ. മാത്യു കോനാട്ടുകുഴി
2) റവ. ഫാ. കുരുവിള മരോട്ടിക്കൽ
3) റവ. ഫാ. വർഗീസ് (സാബു) മാമ്പിള്ളി
4) റവ. ഫാ. അഗസ്റ്റിൻ കല്ലേലി
5) റവ. ഫാ. സെബാസ്റ്റ്യൻ (സാജോ) പുതുശ്ശേരി
6) റവ. ഫാ. തോമസ് (ബിനു) മങ്ങാട്ട്
7) റവ. ഫാ. പോൾ പടയാട്ടി (Sr.)
8) റവ. ഫാ. ഷാൻലി ചെർപ്പണത്ത്

പൗരോഹിത്യസ്വീകരണത്തിന്റെ
**സുവർണ്ണ-രജത ജൂബിലി** ആഘോഷിക്കുന്ന
എല്ലാ വൈദികർക്കും
അതിരൂപതയുടെ മംഗളാശംസകളും പ്രാർത്ഥനയും
സ്നേഹപൂർവ്വം നേരുന്നു!!!

# വാർത്തകളും വിശേഷങ്ങളും

## ഏഴു മക്കളും ദമ്പതിമാരും അൾത്താര മഹത്വത്തിലേക്ക്



പോളണ്ടിൽ നാസികൾ കൊലപ്പെടുത്തിയ ഭാര്യാഭർത്താക്കന്മാരെയും അവരുടെ ഏഴു മക്കളെയും രക്തസാക്ഷികളായി പ്രഖ്യാപിക്കാൻ മാർപാപ്പ അനുമതി നൽകി. ഒരു യഹൂദ കുടുംബത്തെ നാസികളിൽ നിന്നു രക്ഷിക്കാൻ സ്വന്തം വീട്ടിൽ ഒളിവിൽ പാർപ്പിച്ചതിനാണ് ജോസഫ് ഉൽമയും ഏഴ് മാസം ഗർഭിണിയായിരുന്ന ഭാര്യ വിക്ടോറിയയും വധശിക്ഷക്കു വിധിക്കപ്പെട്ടത്. മക്കളായ സ്റ്റാനിസ്ലാവ (8), ബാർബര (7), വ്ളാദിസ്ലാവ് (6), ഫ്രാൻസിസെസ്ക് (4), അന്റോണി (3), മരിയ (2) എന്നിവരും ഇവരോടൊപ്പം കൊല്ലപ്പെട്ടു. 1944-ൽ ദക്ഷിണ പൂർവ പോളണ്ടിലായിരുന്നു ഈ സംഭവം. എട്ട് യഹൂദർ ഉൽമ കുടുംബത്തിൽ ഒളിവിൽ കഴിയുന്നതായി നാസി പട്ടാളം കണ്ടെത്തിയതിനെ തുടർന്നായിരുന്നു വധശിക്ഷ. ഇവരോടൊപ്പം മറ്റു പതിനഞ്ചു പേരുടെ കൂടി നാമകരണനടപടികൾ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുന്ന ഘട്ടത്തിലേയ്ക്കു കടന്നു. പതിനേഴാം നൂറ്റാണ്ടിൽ ചൈനയിലെ പ്രസിദ്ധ മിഷണറിയായിരുന്ന മത്തെയോ റിച്ചി എന്ന ഈശോസഭാസന്യാസിയും ഇവരിൽ ഉൾപ്പെടുന്നു.

## കെ.സി.ബി.സി. ക്ക് പുതിയ ഭാരവാഹികൾ

പാലാരിവട്ടം പി.ഒ.സി. യിൽ നടന്നുവന്ന കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ശീതകാലസമ്മേളനത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. സീറോ മലങ്കര സഭ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ കെസിബിസി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. വൈസ്പ്രസിഡന്റായി ഇരിങ്ങാലക്കുട രൂപതാധ്യക്ഷൻ അഭിവന്ദ്യ പോളി കണ്ണൂക്കാടനും സെക്രട്ടറി ജനറാളായി കണ്ണൂർ രൂപാതാധ്യക്ഷൻ അഭിവന്ദ്യ അലക്സ് വടക്കുംതലയും തെരഞ്ഞെടുക്കപ്പെട്ടു.

# സി.എം.എൽ പ്രവർത്തനങ്ങളിൽ മികച്ച അതിരൂപത

ചെറുപുഷ്പ മിഷൻ ലീഗ് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ 2021-22 വർഷത്തെ മികച്ച അതിരൂപതയായി തെരഞ്ഞെടുക്കപ്പെട്ട എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് ചെറുപുഷ്പ മിഷൻ ലീഗ് കേരള സംസ്ഥാന സമിതിയുടെ അംഗീകാരപത്രം ലഭിച്ചു. അതിരൂപതാ ഡയറക്ടർക്കും ഭാരവാഹികൾക്കും പ്രവർത്തകർക്കും അതിരൂപതയുടെ അഭിനന്ദനങ്ങൾ!!!

# അതിരൂപതാ സി. എൽ. സി.

## 110-ാം വാർഷികം

എറണാകുളം-അങ്കമാലി അതിരൂപതാ സി.എൽ.സി. നൂറ്റിപ്പത്താം വാർഷികം ആഘോഷിച്ചു. വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം അങ്കമാലി സുബോധനയിൽ മാർ തോമസ് ചക്യത്ത് പിതാവ് നിർവഹിച്ചു. സി. എൽ. സി. പ്രവർത്തകർ ഒരിടത്ത് അടഞ്ഞിരിക്കേണ്ടവരല്ലെന്നും സഭയ്ക്കും സമൂഹത്തിനും വേണ്ടി ഉണർന്നു പ്രവർത്തിക്കേണ്ടവരാണെന്നും പിതാവ് ഓർമ്മിപ്പിച്ചു. സമ്മേളനത്തിൽ അതിരൂപതാ പ്രസിഡന്റ് അനിൽ പാലത്തിങ്കൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ പ്രമോട്ടർ ഫാ. ആന്റോ ചാലിശ്ശേരി ആമുഖ പ്രസംഗം നടത്തി. ദേശീയ എക്സിക്യുട്ടീവ് കമ്മിറ്റി അംഗങ്ങളായ സിനോബി ജോയ്, റിജു പാപ്പച്ചൻ, അതിരൂപതാ സെക്രട്ടറി ജെറിൻ ജോസ്, ട്രഷറർ ആൻസൺ ആന്റണി എന്നിവർ പ്രസംഗിച്ചു. ആൻമേരി ടോണി സ്വാഗതവും ആൽബർട്ട് കോളരിക്കൽ നന്ദിയും പറഞ്ഞു. അതിരൂപതയിലെ 300 ഇടവകകളിൽ സി.എൽ.സി. യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

**ഫാ. ആന്റോ ചാലിശ്ശേരി**
**അതിരൂപതാ പ്രൊമോട്ടർ**

# വിശ്വാസപരിശീലനകേന്ദ്രം

**1. സന്മാർഗ്ഗബോധന പൊതുപരീക്ഷ (06/01/2023-വെള്ളിയാഴ്ച):** സന്മാർഗ്ഗബോധന വാർഷിക പരീക്ഷയ്ക്ക് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പറുകളാണ് ഉപയോഗിക്കേണ്ടത്. ജനുവരി 5-ാം തീയതി ഫൊറോന കേന്ദ്രങ്ങളിൽനിന്ന് ചോദ്യപേപ്പറുകൾ ലഭിക്കും. ചോദ്യപേപ്പറുകൾ വാങ്ങുമ്പോഴും, സ്കോളർഷിപ്പ് പേപ്പറുകൾ തിരികെ ഏൽപിക്കുമ്പോഴും ഫൊറോന സെക്രട്ടറിയുടെ പക്കലുള്ള രേഖയിൽ ഒപ്പിടേണ്ടതാണ്. അതിരൂപത മോറൽ എഡ്യുക്കേഷൻ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കാണ് ചോദ്യപേപ്പറുകൾ ലഭിക്കുകയുള്ളൂ. അവർക്കു മാത്രമാണ് സ്കോളർഷിപ്പിന് അർഹതയുണ്ടാകുക.

Std. V, VII, IX, XI: രാവിലെ 10.00 മണി മുതൽ 12.00 മണി വരെ

Std. IV, VI, VIII, X, XII: ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ.

**2. പത്താം ക്ലാസ്സ് & ഡിപ്ളോമ കുട്ടികളുടെ രണ്ടാം സെമസ്റ്റർ പരീക്ഷ:**

2023 ജനുവരി 29 ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ.

a. സിലബസ്: പത്താം ക്ലാസ്സിലെ കുട്ടികൾക്ക് ഒമ്പതു മുതൽ പതിനഞ്ച് വരെയുള്ള അദ്ധ്യായങ്ങൾ (*വചനദീപം,* പേജ് 36), ഡിപ്ലോമ കുട്ടികൾക്ക് എട്ടു മുതൽ പന്ത്രണ്ട് വരെയുള്ള അദ്ധ്യായങ്ങൾ (*വചനദീപം,* പേജ് 43) ചോദ്യപേപ്പറുകൾ അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും നൽകുന്നതാണ്. ചോദ്യപേപ്പറിന്റെ മോഡലിൽ വ്യത്യാസമുണ്ടായിരിക്കും. ഇക്കാര്യം പിന്നീട് അറിയിക്കുന്നതാണ്. ഫൊറോന കേന്ദ്രങ്ങളിൽനിന്ന് ചോദ്യപേപ്പറുകൾ ലഭിക്കും. ചോദ്യപേപ്പറുകൾ വാങ്ങുമ്പോഴും, ഉത്തരക്കടലാസുകളും, സ്കോളർഷിപ്പ് പേപ്പറുകളും തിരികെ ഏൽപിക്കുമ്പോഴും ഫൊറോന സെക്രട്ടറിയുടെ പക്കലുള്ള രേഖയിൽ ഒപ്പിടേണ്ടതാണ്. X, XII ക്ലാസ്സുകളിലെ കുട്ടികളുടെ ഉത്തരക്കടലാസ് ഫൊറോനാകേന്ദ്രത്തിൽ എത്തിക്കുമ്പോൾ പരീക്ഷ എഴുതിയ കുട്ടികളുടെ ലിസ്റ്റും (പരീക്ഷാ ദിവസത്തെ കുട്ടികളുടെ അറ്റൻഡൻസ് മാർക്കു ചെയ്ത ലിസ്റ്റും) ഫൊറോനാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

b. പത്താംക്ലാസ്സ് & ഡിപ്ളോമ ഇന്റേണൽ അസസ്സ്മെന്റുമായി ബന്ധപ്പെട്ട നിർദേശങ്ങൾ:

ഈ വർഷത്തെ രണ്ടാം സെമസ്റ്ററിന്റെ ഇന്റേണൽ അസസ്സ്മെന്റിന് 10 മാർക്കാണ്. ഇതിൽ 5 മാർക്ക് മാതാപിതാക്കളും 5 മാർക്ക് അദ്ധ്യാപക രുമാണ് നൽകേണ്ടത്. കുട്ടികളുടെ കാറ്റിക്കിസം പഠനം, പ്രവർത്തന ങ്ങൾ, പ്രാർത്ഥന, കുർബാനയിലുള്ള പങ്കാളിത്തം എന്നിവ വില യിരുത്തിയാണ് അദ്ധ്യാപകൻ/അദ്ധ്യാപിക ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് (5-ൽ) നൽകേണ്ടത്. സത്യസന്ധമായി ഉത്തരവാദിത്വബോധ ത്തോടെ വേണം ഇതിനു മാർക്കു നൽകാൻ.

c. പരീക്ഷയക്ക് മുമ്പായി കുട്ടികളുടെ പേര് വിവരങ്ങളും ഇന്റേണൽ അസസ്സ്മെന്റ് മാർക്കും ഹാജർ ശതമാനവും (ഡിപ്ളോമ കുട്ടികൾക്ക് അഡോപ്റ്റ് എ ഫാമിലി & ഔട്ട്റീച്ച് മാർക്കുകളും) കൃത്യമായി പരിശോധിച്ച് ജനുവരി 22-ാം തീയതിക്ക് മുമ്പായി കാറ്റിക്കോർപ്പിൽ എന്റർ ചെയ്യേണ്ടതാണ്. കുട്ടികളുടെ പേര് വിവരങ്ങൾ Data Form ൽ പൂരിപ്പിക്കണം.

**3. പ്രതിഭാസംഗമം 2022 (ADVIKA):** കാറ്റിക്കിസം ഡിപ്ലോമ രണ്ടാംവർഷ കുട്ടികൾക്കുവേണ്ടി 'പ്രതിഭാസംഗമം 2022' (ADVIKA) ഡിസംബർ 03-ാം തീയതി ശനിയാഴ്ച കലൂർ റിന്യുവൽ സെന്ററിൽ നടത്തി. 16 ഫൊറോനകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട കുട്ടികളാണ് ഇതിൽ പങ്കെടുത്തത്. വിവിധ ചർച്ചകൾ, ക്വിസ് പ്രോഗ്രാം, ഗ്രൂപ്പ് ആക്റ്റിവിറ്റികൾ, എഴുത്തുമത്സരങ്ങൾ, ഇൻട്രാക്റ്റീവ് സെഷനുകൾ, പ്രസംഗം എന്നിവയിലൂടെ കുട്ടികളിലെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം നൽകി. എല്ലാ കുട്ടികളും ആക്റ്റിവിറ്റികളിൽ സജീവമായി പങ്കെടുത്തു. കുട്ടികളുടെ ഭാഗത്തുനിന്നും നല്ല പെർഫോർമൻസ് ആയിരുന്നു. തങ്ങളുടെ കഴിവുകൾ പ്രകടിപ്പിച്ച എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ നേരുന്നു. ആശയങ്ങൾ അവതരിപ്പിക്കാനുള്ള കഴിവ്, സന്നദ്ധത, സഭയോടുള്ള കാഴ്ചപ്പാട്, നേതൃത്വപാടവം, സാഹചര്യ ങ്ങളെ നേരിടാനുള്ള കാര്യക്ഷമത, മറ്റുള്ളവരെ ഉൾക്കൊള്ളാനുള്ള തുറവി എന്നീ കാര്യങ്ങൾ വിലയിരുത്തികൊണ്ട് തെരഞ്ഞെടുക്കപ്പെട്ട നാല് പ്രതിഭകളുടെ പേരുകൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| a. | Eva Rose Sooraj Plackal | - St. Joseph's Church, Mangalapuzha |
| b. | Richard Bijoy Madavassaril | - St. Sebastian's Church, Asokapuram |
| c. | Diya Rose Pulliyil | - Little Flower Church, Elamkulam |
| d. | Benjamin Varghese Mazhuvanchery | - Holy Family Church, Prasannapuram |

പ്രതിഭകൾക്ക് അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ഭാവുകങ്ങൾ.

സീറോമലബാർസഭയുടെ പ്രതിഭാസംഗമത്തിൽ എറണാകുളം-അങ്കമാലി അതിരൂപതയെ പ്രതിനിധീകരിക്കുന്നത് ഈ നാല് പ്രതിഭകളാണ്. 2022 ഡിസംബർ 28, 29, 30 തീയതികളിലാണ് പ്രതിഭാസംഗമം നടത്തപ്പെടുന്നത്. അതിരൂപത പ്രതിഭാസംഗമത്തിൽ പങ്കെടുക്കുവാൻ കുട്ടികളെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാരോടും മാതാപിതാക്കളോടും വിശ്വാസപരിശീലകരോടും ഫൊറോന കൗൺസിൽ അംഗങ്ങളോടും പ്രത്യേകം നന്ദിയും കടപ്പാടും അറിയിക്കുന്നു.

4. **Online Meeting:** 2022 ഡിസംബർ 15-ാം തീയതി വ്യാഴാഴ്ച രാത്രി 8.30-ന് കാറ്റിക്കിസം ഫൊറോന ഡയറക്ടർ അച്ചന്മാരുടെയും, ഫൊറോന സെക്രട്ടറി സിസ്റ്റേഴ്സിന്റെയും സംയുക്ത Online Meeting നടത്തുകയുണ്ടായി.

**5. 2023 ജനുവരി മാസത്തിൽ നടക്കുന്ന പരിപാടികൾ:**

| | | |
|---|---|---|
| 01 ഞായർ | : എലൈവ് | - കൊരട്ടി ഫൊറോന |
| 02 തിങ്കൾ | : എൻലൈറ്റ് | - പറവൂർ ഫൊറോന |
| 15 ഞായർ | : എൻലൈറ്റ് | - എറണാകുളം ഫൊറോന |

**6. 2022 ഡിസംബർ മാസത്തിൽ നടന്ന പരിപാടികൾ:**

| | | |
|---|---|---|
| 04 ഞായർ | : എൻലൈറ്റ് | - സെന്റ് ജോസഫ് ചർച്ച്, കോന്നൂർ |
| 10 ശനി | : എൻലൈറ്റ് | - സെന്റ് ഫ്രാൻസീസ് അസ്സീസി ചർച്ച്, കാക്കനാട് |
| 11 ഞായർ | : എൻലൈറ്റ് | - ലിറ്റിൽ ഫ്ളവർ ചർച്ച്, ലിസ്യുനഗർ |
| 11 ശനി | : എൻലൈറ്റ് | - സെന്റ് ഗ്രിഗോറിയോസ്, തോട്ടകം |
| 18 ഞായർ | : എൻലൈറ്റ് | - സെന്റ് ജോസഫ് ചർച്ച്, കളമശ്ശേരി |

എൻലൈറ്റ് പരിപാടി (ഏകദിന ശില്പശാല) ഇടവകകളിൽ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിത്തന്ന ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും അവിടുത്തെ വിശ്വസ പരിശീലകർക്കും പള്ളി കമ്മിറ്റി അംഗങ്ങൾക്കും ഫൊറോന കൗൺസിൽ അംഗങ്ങൾക്കും പ്രത്യേകം നന്ദി.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

## ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

### 2023 ജനുവരി - ഫെബ്രുവരി

**വിവാഹഒരുക്ക ധ്യാനം (MPR)**

ജനുവരി 03-05 (കാലടി)
ജനുവരി 09-11 (കലൂർ)
ജനുവരി 17-19 (കാലടി)
ജനുവരി 23-25 (കലൂർ)
ജനുവരി 31-02 (കാലടി)
ഫെബ്രുവരി 06-08 (കലൂർ)
ഫെബ്രുവരി 14-16 (കാലടി)
ഫെബ്രുവരി 21-23 (കാലടി)

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

**ബേബിഷൈൻ ധ്യാനം** (Contact: 8078334522)

ജനുവരി 06-08

**അനുയാത്ര (ഓൺലൈൻ)**

യുവദമ്പതികൾക്കുള്ള തുടർപരിശീലന പരിപാടി
ജനുവരി 08

**ദമ്പതി ധ്യാനം** (Contact: 8078334522)

ജനുവരി 12-15

**വിധവ ധ്യാനം** (Contact: 9400836249)

ജനുവരി 20-22

**വിധവ ധ്യാനം** (Contact: 8078334522)

ജനുവരി 27-29

**ഫാമിലി ഔവർ**

ജനുവരി 07 - യൂദിത്ത്ഫോറം
ജനുവരി 09 - എസ്.ഡി. സിസ്റ്റേഴ്സ്
ജനുവരി 21 - എം. സി. സി.

**കുടുംബധ്യാനം**

ജനുവരി 02-04 - കൈതാരം

**സ്നേഹജ്വാല ദമ്പതീധ്യാനം**

ജനുവരി 27-29 - ചമ്പന്നൂർ സെന്റ് റീത്താസ് ചർച്ച്

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

## സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

**സംസ്ഥാന അക്ഷയ ഊർജ പുരസ്കാരം**

ഊർജ സംരക്ഷണ പ്രവർത്തനങ്ങളിലെ മികവിനും മാതൃകാപരമായ പ്രവർത്തനങ്ങൾക്കുമുള്ള കേരള സംസ്ഥാന അക്ഷയ ഊർജ പുരസ്കാരം വെൽഫെയർ സർവീസസ് എറണാകുളം (സഹൃദയ) നേടി. ഊർജ സംരക്ഷണ നടപടികൾ പ്രചരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സന്നദ്ധ സംഘടനകളുടെ വിഭാഗത്തിലാണ് സഹൃദയ അവാർഡ് നേടിയത്. തിരുവനന്തപുരം മഹാത്മാ അയ്യങ്കാളി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത യോഗത്തിൽ വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി അവാർഡ് വിതരണം ചെയ്തു. ഗതാഗത മന്ത്രി ആന്റണി രാജു യോഗത്തിൽ അധ്യക്ഷനായിരുന്നു. സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അവാർഡ് ഏറ്റുവാങ്ങി. സോളാർ ഗ്രിഡ് പവർ സിസ്റ്റം, വാട്ടർ ഹീറ്ററുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, പുക ശല്യമില്ലാത്ത മെച്ചപ്പെട്ട അടുപ്പുകൾ തുടങ്ങിയവയുടെ പ്രചരണത്തിൽ നാലു പതിറ്റാണ്ടോളമായി സർക്കാർ അംഗീകൃത സ്ഥാപനമായി പ്രവർത്തിച്ചുവരികയാണ് സഹൃദയ. സഹൃദയയുടെ പ്രവർത്തനങ്ങൾക്ക് ബഹു. വികാരിയച്ചന്മാരും മറ്റു സ്ഥാപനങ്ങളിലെ അധികാരികളും നൽകിവരുന്ന സഹകരണത്തിന് നന്ദി.

**ഇൻക്ലൂസിസ് സന്ദേശ വർഷാചരണം**

ഇൻക്ലൂസിസ് ഓർഗ് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാരെയും സാമൂഹ്യമുഖ്യധാരയിൽ ഉൾച്ചേർക്കുന്നതിനായി ലക്ഷ്യമിട്ട് ആരംഭിക്കുന്ന സന്ദേശവർഷാചരണം പൊന്നുരുന്നി സഹൃദയ ആഡിറ്റോറിയത്തിൽ ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്തു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ.എം. എബ്രഹാം, ചലച്ചിത്ര സംവിധായകൻ ജൂഡ് ആന്തണി, ഫെഡറൽ ബാങ്ക് വൈസ് പ്രസിഡൻറ് ജോയ് തോമസ്, കേരള നോളഡ്ജ് ഇക്കോണോമി മിഷൻ ജനറൽ മാനേജർ പി.എം. റിയാസ്, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, കേരള സ്റ്റാർട്ട് അപ്പ് മിഷൻ സി.ഇ.ഒ അനൂപ് അംബിക, ഐ.സി.ടി. അക്കാദമി സി.ഇ.ഒ സന്തോഷ് സി കുറുപ്പ് ഇൻക്ലൂസിസ് ഓർഗ് ഫൗണ്ടേഷൻ ചീഫ് ഡിജിറ്റൽ അഡ്വൈസർ റോബിൻ ടോമി. എന്നിവർ സംസാരിച്ചു. ഇൻക്ലൂസിസ് പ്രവർത്തനങ്ങളുടെ ഭാഗമായി ന്യൂറോ ഡൈവേർജെന്റ് ആയിട്ടുള്ള 75 പേർക്ക് വിവരസാങ്കേതിക മേഖലയിൽ നിലവിൽ പരിശീലനം നല്കിവരുന്നുണ്ട്. .

**ഊർജ കിരൺ ശില്പശാല**

ഊർജ സംരക്ഷണ വാരാചരണത്തിന്റെ ഭാഗമായി കേരള സർക്കാരിന്റെ എനർജി മാനേജ്മെന്റ് സെന്റർ, സെന്റർ ഫോർ എൻവയൺമെന്റ് ആൻഡ് ഡവലപ്മെന്റ് എന്നിവരുടെ സഹകരണത്തോടെ സഹൃദയ, അരൂർ, വൈക്കം, തൃപ്പൂണിത്തുറ, തൃക്കാക്കര നിയോജക മണ്ഡലങ്ങളിൽ ഊർജകിരൺ ശില്പശാലയും ഊർജ സംരക്ഷണസന്ദേശ റാലിയും ഒപ്പുശേഖരണ യജ്ഞവും സംഘടിപ്പിച്ചു.

**സഹൃദയ തെറാപ്പി സെന്റർ**

സഹൃദയ, ഭിന്നശേഷിക്കാരുടെ ക്ഷേമ, പുനരധിവാസത്തിനായി നടപ്പാക്കിവരുന്ന സഹൃദയ സ്പർശൻ പദ്ധതിയുടെ ഭാഗമായി ചേർത്തല മേഖല ഓഫിസിൽ തെറാപ്പി സെൻറർ ആരംഭിച്ചു. ഭിന്നശേഷിക്കാർക്ക് ഇവിടെ സൗജന്യ തെറാപ്പി സേവനം ലഭ്യമാണ്.

**സാധൻ ടീം സന്ദർശനം**

റിസർവ് ബാങ്ക് അംഗീകൃത സാമ്പത്തിക സ്ഥാപനങ്ങളുടെ ഏകോപനവേദിയായ സാധൻ നെറ്റ്വർക്ക് അധികാരികൾ, അതിലെ

പ്രാഥമിക അംഗമായ സഹൃദയ വെസ്കോ ക്രഡിറ്റ് മൈക്രോ ഫിനാൻസ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സഹൃദയയിൽ സന്ദർശനം നടത്തി.

**സോളാർ ഗ്രിഡ്**

തായിക്കാട്ടുകര സെന്റ്സ് പീറ്റർ & പോൾ പള്ളിയിൽ 8 കിലോവാട്ട് ശേഷിയുള്ള ഓൺഗ്രിഡ് സോളാർ പവർ സിസ്റ്റം സ്ഥാപിച്ചു.

**സാമ്പത്തിക സാക്ഷരതാ ക്ലാസ്സ്**

നബാർഡുമായി സഹകരിച്ച് സഹൃദയ പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിവരുന്ന നീർത്തട വികസന പദ്ധതിയുടെ ഭാഗമായി അണ്ണാന്തൊടി സി. എച്ച് ഹാളിൽ സാമ്പത്തിക സാക്ഷരതാ ക്ലാസ്സ് സംഘടിപ്പിച്ചു.

**ഭിന്നശേഷിദിനാചരണം**

കേരള ലീഗൽ സർവീസ് അതോറിറ്റിയും സഹൃദയയും ചേർന്ന് പൊന്നുരുന്നിയിൽ അന്തർദേശീയ ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച എബിലിറ്റി ഫെസ്റ്റ് ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു.

**വാക്സിനേഷൻ**

എം.എ.ജെ. ആശുപത്രിയുടെ സഹകരണത്തോടെ ഇതരസംസ്ഥാന തൊഴിലാളികൾക്ക് കടവന്ത്രയിൽ വച്ച് സൗജന്യ കോവിഡ് വാക്സിനേഷൻ നൽകി.

**പ്രഥമ ശുശ്രുഷ പരിശീലനം**

മരുത്തോർവട്ടം, തൃപ്പൂണിത്തുറ, കിഴക്കമ്പലം, വാളകം, കൊരട്ടി, തിരുനല്ലൂർ, സെബിപുരം, ചിറ്റനാട് എന്നിവിടങ്ങളിൽ വച്ച് ആസ്റ്റർ മെഡിസിറ്റി ആശുപത്രിയുടെ സഹകരണത്തോടെ പ്രഥമ ശുശ്രുഷ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# AICO
## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

ഡിസം. 01 നൈപുണ്യ ഇന്റർനാഷണൽ, എറണാകുളം
ഡിസം. 14 സെന്റ് മൈക്കിൾസ് എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യുഷൻസ് ട്രസ്റ്റ്

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

നവംബർ 25 1. ജിയോ സെന്റർ, ചക്കരപ്പറമ്പ്
2. പെരുമാനൂർ വസ്തു
നവം. 26 ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി
നവം. 28 1. സെന്റ് ജോസഫ്സ് കഠക, ചേർത്തല
2. മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര
നവം. 29 ജിയോ സെന്റർ, ചക്കരപ്പറമ്പ്
ഡിസം. 01 ഏഴിക്കര എസ്റ്റേറ്റ്
ഡിസം. 02 ഭാരത മാതാ കോളേജ്, തൃക്കാക്കര
ഡിസം. 03 ജിയോ സെന്റർ, ചക്കരപ്പറമ്പ്
ഡിസം. 06 1. ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി
2. നിവേദിത, ചുണങ്ങംവേലി
ഡിസം. 07 ജിയോ സെന്റർ, ചക്കരപ്പറമ്പ്
ഡിസം. 08 കാത്തലിക് സെന്റർ, ആലുവ
ഡിസം. 09 സെന്റ് മൈക്കിൾസ്, തിരുമറയൂർ
ഡിസം. 12 നൈപുണ്യ കോളേജ്, പൊങ്ങം
ഡിസം. 13 ജിയോ സെന്റർ, ചക്കരപ്പറമ്പ്
ഡിസം. 15 1. നിവേദിത, ചുണങ്ങംവേലി
2. തോട്ടുവ പള്ളി
ഡിസം. 16 1. മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര
2. നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി
ഡിസം. 20 ലൂർദ്ദ് സെന്റർ & കാത്തലിക് സെന്റർ, ആലുവ
ഡിസം. 21 1. ഭാരത മാതാ കോളേജ്, തൃക്കാക്കര
2. ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# Archdiocesan Corporate Educational Agency

Renewal Centre, Azad Road, Kaloor, Kochi 682 017
www.ernakulameducationcouncil.com. Mob: 7907106119
email: ernakulameducation@gmail.com

**കായിക മേള 2022**

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി സംഘടിപ്പിച്ച കായിക മേള ഡിസംബർ 10-ാം തീയതി ആലുവ സെന്റ് മേരീസ് ഹൈസ്കൂൾ ഗ്രൗണ്ടിൽനടത്തപ്പെട്ടു. എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. എന്നീ വിഭാഗങ്ങളിലായി 44 സ്കൂളുകളിൽ നിന്ന് 900 വിദ്യാർത്ഥികൾ പങ്കെടുത്തു. കോർപ്പറേറ്റ് മാനേജർ റവ. ഫാ. തോമസ് നങ്ങേലിമാലിൽ പതാക ഉയർത്തി. നാഷണൽ അത്‌ലറ്റിക്സ് പരിശീലകനായ ശ്രീ. ബിനോയ് കുര്യാക്കോസ് മേള ഉദ്ഘാടനം ചെയ്തു. അസി. കോർപ്പറേറ്റ് മാനേജർ റവ. ഡോ.ബെന്നി പാലാട്ടി, സെന്റ് മേരീസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. സാജു ജോസ്, സെന്റ് മേരീസ് എൽ.പി. സ്കൂൾ ഹെഡ്മിസ്ട്രസ് റവ. സിസ്റ്റർ ഗ്ലാൻസി മരിയ, സ്പോർട്സ് കൺവീനർ ശ്രീ. മാർട്ടിൻ ടി.എം. എന്നിവർ ആശംസകൾ നേർന്നു. മേളയ്ക്കായി എത്തിയ എല്ലാവർക്കും ഉച്ചഭക്ഷണവും, വിജയികൾക്ക് മെഡലും സർട്ടിഫിക്കറ്റും നൽകി. വിവിധ വിഭാഗങ്ങളിൽ Overall നേടിയവർ:

**1st Prize**

| | |
|---|---|
| L.P Mini | - Cardinal L.P.S, Thrikkakkara |
| L.P Kiddies | - St. Germain's L.P.S, N.Paravur |
| U.P Kiddies | - St. Raphael's H.S. Ezhupunna |
| Sub Junior | - St. Raphael's H.S.S, Ezhupunna |
| Junior | - St. Joseph's, H.S.S, Meloor |
| Senior | - St. Joseph's, H.S.S, Meloor |

**2nd Prize**

| | |
|---|---|
| L.P Mini | - St. Raphael's H.S, Ezhupunna |
| L.P Kiddies | - Cardinal L.P.S, Thrikkakkara |
| U.P Kiddies | - St. Mary's U.P.S, Manjapra |
| Sub Junior | - St. Thomas H.S.S, Ayroor |
| Junior | - St. Raphael's H.S.S, Ezhupunna |
| Senior | - St. Raphael's H.S.S, Ezhupunna |

**3rd Prize**

| | |
|---|---|
| Senior | - Cardinal H.S.S, Thrikkakkara |

**Overall Champions**

I. - St. Raphael's H.S.S, Ezhupunna
II. - St. Joseph's, H.S.S, Meloor

**ഭിന്നശേഷി സംവരണ നിയമനം**

എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം നടത്തേണ്ടത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്നാണ്. അതിനാൽ നിയമനത്തിനു അർഹരായ മുഴുവൻ ഉദ്യോഗാർത്ഥികളും കഴിവതും വേഗം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നത് നന്നായിരിക്കും.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

---

## കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

**ലഹരി വിരുദ്ധ ബോധവത്കരണ മനുഷ്യശൃംഖല**

ലഹരിയുടെ ദൂഷ്യവശങ്ങൾ വിദ്യാർത്ഥികളെയും സമൂഹത്തെയും ബോധവൽക്കരിക്കാനും ബോധ്യപ്പെടുത്താനും കേരള കാത്തലിക്ക് ടീച്ചേഴ്സ് ഗിൽഡ് ലഹരി വിരുദ്ധ ബോധവത്കരണ മനുഷ്യശൃംഖല സംഘടിപ്പിച്ചു. സംസ്ഥാന സമിതിയുടെ ആഹ്വാനമനുസരിച്ച് നടത്തപ്പെട്ട ഈ യത്നത്തിന്റെ എറണാകുളം-അങ്കമാലി അതിരൂപതാതല ഉദ്ഘാടനം തൃക്കാക്കര കാർഡിനൽ ഹയർ സെക്കണ്ടറി സ്കൂളിൽ പ്രിൻസിപ്പിൽ ശ്രീ. മാർട്ടിൻ ടി.ജി. നിർവഹിച്ചു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ജീബ പൗലോസ് മുഖ്യസന്ദേശം നൽകി. അതിരൂപതയിലെ എല്ലാ വിദ്യാലയങ്ങളും ലഹരി വിരുദ്ധ ബോധവത്കരണ മനുഷ്യശൃംഖല സംഘടിപ്പിക്കുകയുണ്ടായി.

**ഞായറാഴ്ച സ്കൂളുകൾക്ക് പ്രവർത്തിദിനമാക്കാനുള്ള നീക്കം ഉപേക്ഷിക്കണം**

ലഹരി വിരുദ്ധ കാംപെയിൻ-ന്റെ ഭാഗമായി ഞായറാഴ്ച പ്രവർത്തിദിനമാക്കുന്നതിനെതിരെ ഗിൽഡ് ശക്തമായി പ്രതിഷേധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി വിദ്യാഭ്യാസ മന്ത്രിക്ക് നിവേദനം നൽകി. ക്രൈസ്തവർ പരിപാവനമായി ആചരിക്കുന്ന ഞായറാഴ്ചകൾ പ്രവർത്തിദിനമാക്കാനുള്ള സർക്കാരിന്റെ നീക്കം ഉപേക്ഷിക്കണമെന്ന് എക്സിക്യൂട്ടീവ് യോഗം അഭിപ്രായപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ജീബ

പൗലോസ് അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ അതിരൂപതാ ഡയറക്ടർ റവ. ഫാ. തോമസ് നങ്ങേലിമാലിൽ, അസി. ഡയറക്ടർ റവ. ഡോ.ബെന്നി പാലാട്ടി തുടങ്ങിയവരും പ്രസംഗിച്ചു.

**ടാലന്റ് ഹണ്ട് സ്കോളർഷിപ്പ് പരീക്ഷ**

അതിരൂപത ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ ജ്ഞാനനിർമ്മാണപരമായ മേഖലയിൽ അറിവിനൊപ്പം പ്രാവീണ്യവും നേടുന്നതിനായി സംഘടിപ്പിച്ചിരിക്കുന്ന ടാലന്റ് ഹണ്ട് സ്കോളർഷിപ്പ് പരീക്ഷ 2023 ജനുവരി 14ാം തീയതി ശനിയാഴ്ച്ച നടത്തുന്നതാണ്. 8471 പേർ ഇതിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ പരീക്ഷയിൽ 70 ശതമാനത്തിനു മുകളിൽ മാർക്ക് കരസ്ഥമാക്കുന്നവർക്ക് ക്യാഷ് അവാർഡും മെഡലും സർട്ടിഫിക്കറ്റും നൽകുന്നു. 90 ശതമാനത്തിനു മുകളിൽ മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികൾക്കായി WHIZFEST - 2023 എന്ന മെഗാക്വിസ് മത്സരം പ്രത്യേകമായ ക്യാഷ് അവാർഡോടെ സംഘടിപ്പിക്കുന്നു.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**ഡയറക്ടർ**

---

# കെ.സി.എസ്.എൽ.

## എറണാകുളം-അങ്കമാലി അതിരൂപതാ കലോത്സവം

എറണാകുളം-അങ്കമാലി അതിരൂപതാ കലോത്സവം 2022 നവംബർ 26 ശനിയാഴ്ച ഇടപ്പള്ളി പയസ് G.H.S.-ൽ വച്ച് നടന്നു. കെ.സി.എസ്.എൽ. അതിരൂപതാ ഡയറക്ടർ റവ. ഫാ. തോമസ് നങ്ങേലിമാലിൽ കലോത്സവം ഉദ്ഘാടനം നിർവഹിച്ചു. 8 വേദികളിലായി എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗം തിരിച്ച് നടത്തിയ കലോത്സവത്തിൽ 400 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. ഇടപ്പള്ളി ഫൊറോന വികാരി റവ. ഫാ. ആന്റണി മഠത്തുംപടി സമ്മാനദാനം നിർവഹിച്ചു. കെ.സി.എസ്.എൽ. അതിരൂപത അസി. ഡയറക്ടർ റവ. ഡോ. ബെന്നി പാലാട്ടി, അതിരൂപത പ്രസിഡന്റ് സോയി കളമ്പാട്ട്, ഓർഗനൈസർ അജി തോമസ് എന്നിവർ നേതൃത്വം നൽകി.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**ഡയറക്ടർ**

# Department of Evangelization & Prayer Groups

സീറോമലബാർ ഹയരാർക്കി സ്ഥാപിതമായതിന്റെയും എറണാകുളം വികാരിയാത്ത് ആസ്ഥാന അതിരൂപതയായി ഉയർത്തപ്പെട്ടതിന്റെയും ശതാബ്ദി വർഷാരംഭ ദിനത്തോടനുബന്ധിച്ച്, 2022 ഡിസംബർ 21-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00 വരെ ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ട്മെന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങൾ കലൂർ റിന്യൂവൽ സെന്ററിൽ ആരാധന നടത്തി അതിരൂപതയ്ക്ക് വേണ്ടി പ്രാർത്ഥിച്ച് നന്ദി പറഞ്ഞു.

ഡിസംബർ മാസം ബൈബിൾ പാരായണ മാസം ആയി ആചരിക്കുന്നതിന്റെ ഭാഗമായി ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഒരു മണിക്കൂർ കൊണ്ട് 100 പേർ ചേർന്ന് ബൈബിൾ പാരായണം നടത്തി.

ഇവാഞ്ചലൈസേഷൻ ടീമിന്റെ നേതൃത്വത്തിൽ 'ഈശോസ് സ്പർശ് ധ്യാനം' നടത്താൻ ക്ഷണിച്ച ഇടവകകൾ ആയ തണ്ണീർമുക്കം, വളമംഗലം, ചുള്ളി, കറുകുറ്റി ഈ ഇടവകകളിലെ എല്ലാ വികാരിയച്ചന്മാർക്കും സഹപ്രവർത്തകർക്കും ഈ ധ്യാനത്തിന്റെ വിജയത്തിനായി സഹായിച്ച എല്ലാവർക്കും സാമ്പത്തികമായി സഹായിച്ചവർക്കും പ്രത്യേകം നന്ദി പറയുന്നു. ധ്യാന അരൂപിയിൽ ജീവിക്കുവാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**സമ്മാനദാനം**

ലോഗോസ് ക്വിസ് വിജയികൾക്ക് ഡിസംബർ 31-ന് ഉച്ചകഴിഞ്ഞ് 3.00 മണിക്ക് റിന്യൂവൽ സെന്ററിൽ വച്ച് സമ്മാനങ്ങൾ നൽകുന്നു.

| | | |
|---|---|---|
| **ധ്യാനം** | ഡിസംബർ 27, 28, 29 | - ദേവഗിരി |
| | ഡിസംബർ 29, 30, 31 | - പ്രസാദഗിരി |
| | ജനുവരി 20, 21, 22 | - പീച്ചാനിക്കാട് |

**ബൈബിൾ കൺവെൻഷൻ**

ജനുവരി 19, 20, 21, 22, 23 കുന്നേൽ (ആലങ്ങാട്)

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ**

# കെ.സി.വൈ.എം.
# എറണാകുളം-അങ്കമാലി അതിരൂപത

**2022-2024 കാലയളവിൽ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ**

| | | |
|---|---|---|
| പ്രസിഡന്റ് | - | ജിസ്മോൻ ജോണി (മുരിങ്ങൂർ)<br>കൊരട്ടി ഫൊറോന |
| ജനറൽ സെക്രട്ടറി | - | ജെറിൻ പാറയിൽ (തലയോലപ്പറമ്പ്)<br>വൈക്കം ഫൊറോന |
| ട്രഷറർ | - | മാർട്ടിൻ വർഗീസ് (മാടക്കൽ)<br>ചേർത്തല ഫൊറോന |
| സംസ്ഥാന സിൻഡിക്കേറ്റ് അംഗം | - | റിസോ തോമസ് (ഏഴാറ്റുമുഖം)<br>മൂക്കന്നൂർ ഫൊറോന |
| | - | ആൻ മരിയ ബിജു (കിഴക്കമ്പലം)<br>കിഴക്കമ്പലം ഫൊറോന |
| സംസ്ഥാന സെനറ്റ് അംഗം | - | ജോസഫ് സാജു (കരയാപറമ്പ്)<br>കറുകുറ്റി ഫൊറോന |
| | - | പ്രിയങ്ക ദേവസി (വേങ്ങൂർ)<br>അങ്കമാലി ഫൊറോന |
| വൈസ് പ്രസിഡന്റ്മാർ | - | സില്ല നിക്സൺ (എളംകുളം)<br>എറണാകുളം ഫൊറോന |
| | - | ഷെയ്സൺ തോമസ് (കൈതാരം)<br>പറവൂർ ഫൊറോന |
| ജോയിന്റ് സെക്രട്ടറിമാർ | - | ജിലു ജോജി (പനങ്ങാട്)<br>തൃപ്പൂണിത്തുറ ഫൊറോന |
| | - | അമൽ ജോസ് (വെസ്റ്റ് കാഞ്ഞൂർ)<br>കാഞ്ഞൂർ ഫൊറന |
| ഓർഗനൈസിങ് സെക്രട്ടറിമാർ | - | മെൽവിൻ വിൽസൺ (മൂഴിക്കുളം)<br>മൂഴിക്കുളം ഫൊറോന |
| | - | ജെൻസി ജോൺസൻ (കാവിൽ)<br>പള്ളിപ്പുറം ഫൊറോന |
| | - | ടെക്സൺ കെ. മാർട്ടിൻ (കോടനാട്)<br>വല്ലം ഫൊറോന |
| | - | എബിൻ ജോൺ (പാലാരിവട്ടം)<br>ഇടപ്പള്ളി ഫൊറോന |

**അതിരൂപത ഡയറക്ടർ**
**ഫാ. ജൂലിയസ് കറുകന്തറ**

അതിരൂപത അസിസ്റ്റന്റ് ഡയറക്ടർ
ഫാ. മാത്യു തച്ചിൽ



# നിര്യാതയായി



**സി. ഗ്രിനോൺ CMC**

സെന്റ് മേരീസ് കോൺവെന്റ്, എറണാകുളം

ജനനം : 26-06-1932

ആദ്യവ്രതം : 01-05-1961

മരണം : 29-12-2022

---

# അതിരൂപതാ ഡയറി

## ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്

**ഡിസംബർ 2022**

05 ശ്രീമൂലനഗരത്ത് ബഹുമാനപ്പെട്ട കുര്യാക്കോസ് മുണ്ടാടൻ അച്ചന്റെ വന്ദ്യ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി.

05-07 പാലാരിവട്ടം പി.ഒ.സി.-യിൽ കെ.സി.ബി.സി. സമ്മേളനത്തിൽ സംബന്ധിച്ചു.

18 മുംബൈയിൽ മുൻ സി.ബി.സി.ഐ. പ്രസിഡന്റ് കാർഡിനൽ ഓസ്വാൾഡ് ഗ്രേഷ്യസ് പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

19 ഡൽഹിയിലെ സി.ബി.സി.ഐ. സെന്ററിൽ പുതിയ ഭാരവാഹികളുടെ സ്വീകരണയോഗത്തിലും ക്രിസ്മസ് ആഘോഷത്തിലും സംബന്ധിച്ചു.

21 ഡൽഹിയിൽ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോഡിയുമായി കൂടിക്കാഴ്ച നടത്തി.

30 ഉല്ലല ലിറ്റിൽ ഫ്ളവർ പള്ളിയിൽ ഡീക്കൻ ടോജോ (ജോർജ്) വാഴയിലിന് വൈദികപട്ടം നൽകി.

* * * * *



RNI No. 3421/57
Date of Publication: 01-01-2023

Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN


# ERNAKULAM MISSAM

## എറണാകുളം–അങ്കമാലി അതിരൂപതയുടെ നവവൈദികർക്ക് ആശംസകൾ!!! (2022 – 2023)




Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org